# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നന്നംമുക്ക് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.16/510/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 31/03/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നന്നംമുക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.16/510/2023 തീയ്യതി: 31/03/2023

## മലപ്പുറം ജില്ലയിലെ നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-06-2022 മുതൽ 12-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 13-03-2023 | 20-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-03-2023 | 20-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. റിഷിൽ. പി, ഓഡിറ്റ് ഓഫീസർ

ശ്രീ. മുഹമ്മദ് സിയാദ്. പി.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ആലസ്സൻകുട്ടി.യു. സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ബിജീഷ് മോഹൻ.റ്റി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. മിസ്രിയ സൈഫുദ്ദീൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. മണികണ്ഠൻ. ടി | സെക്രട്ടറി | 01-04-2021 | 08-03-2022 |

| | | | |
|---|---|---|---|
| ശ്രീ. എസ്. പരമേശ്വരൻ നമ്പൂതിരി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-03-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഫ്രെഡി ജോസ്. കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 11-07-2021 |
| ശ്രീ. എസ്. പരമേശ്വരൻ നമ്പൂതിരി | അസിസ്റ്റന്റ് സെക്രട്ടറി | 12-07-2021 | 31-03-2022 |
| ശ്രീ. ജയദേവൻ. പി. എൻ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. രജീഷ്. പി. എം. | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി. കൃഷ്ണജ. ടി. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 02-07-2021 |
| ശ്രീമതി. ഫാത്തിമ ഷംന. കെ. വി. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 03-07-2021 | 31-03-2022 |
| ശ്രീമതി. ജയശ്രീ. കെ. എ. | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ഡോ. സിൻസി. കെ. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) ഇൻ-ചാർജ്ജ് | 01-04-2021 | 25-06-2021 |
| | | 01-10-2021 | 31-10-2021 |
| ഡോ. ഷബാനാ ഷംസ്. എൻ. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 26-06-2021 | 30-09-2021 |
| | | 01-11-2021 | 31-03-2022 |
| ഡോ അജിത്കുമാർ. വി. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ. ജസീല. സി. എച്ച്. | മെഡിക്കൽ ഓഫീസർ( ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി. വൃന്ദ. കെ. | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. നസീറ. എ. പി. | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ. മൊഹ്സിൻ മൊയ്തീൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. അംജദ്. കെ. പി. ഒ. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകതകൾ | 1-4-1 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വാർഷിക ധനകാര്യപത്രിക പരിശോധന കുറിപ്പുകൾ | 1-11 |
| 13 | ഒരേ പ്ലോട്ടിലെ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലകളായി വസ്തുനികുതി നിർണ്ണയിച്ചു. | 1-12 |
| 14 | തുക മുൻകൂർ നൽകിയെങ്കിലും ലാപ്ടോപ്പ് ലഭ്യമാക്കിയില്ല | 1-13 |
| 15 | എസ്.എസ്.എ : വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-14 |
| 16 | തെരുവ് വാട്ടർടാപ്പുകളുടെ എണ്ണം - സംയുക്ത പരിശോധന റിപ്പോർട്ട് ലഭ്യമല്ല | 1-15 |
| 17 | തെരുവു വിളക്ക് റിപ്പയർ - പദ്ധതി നിർവ്വഹണത്തിൽ അപാകത | 1-16 |
| 18 | വാട്ടർ എ.ടി.എം : പദ്ധതി അപാകതകൾ | 1-17 |
| 19 | പ്രിന്റർ ലഭ്യമായതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് | 1-18 |
| 20 | മഴക്കാലപൂർവ്വ ശുചീകരണം:ചെലവു രേഖകൾ ലഭ്യമായിട്ടില്ല | 1-19 |
| 21 | എൽ.പി സ്കൂൾ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ (എസ്.സി)-സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല. | 1-20 |
| 22 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-21 |
| 23 | തുടർ സാക്ഷരത പദ്ധതി - തുടർ വിവരം ലഭ്യമല്ല. | 1-22 |
| 24 | രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് - സർക്കാർ മാർഗ്ഗനിർദേശങ്ങൾ പാലിച്ചില്ല. | 1-23 |
| 25 | സ്കൂളുകളിലേക്ക് ഓഫീസ് ഫർണ്ണിച്ചർ- സർക്കാർ മാർഗ്ഗനിർദേശങ്ങൾ പാലിച്ചില്ല. | 1-24 |
| 26 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം - സർക്കാർ മാർഗ്ഗനിർദേശങ്ങൾ പാലിച്ചില്ല. | 1-25 |
| 27 | പോഷകാഹാര വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-26 |
| 28 | റിംഗ് കമ്പോസ്റ്റ് നൽകൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-27 |
| 29 | ലൈഫ് - ഭവന പദ്ധതി-ധനസഹായം കൈപ്പറ്റി വീടുനിർമ്മാണം ആരംഭിച്ചില്ല. | 1-28 |
| 30 | GLPS വടക്കുംമുറി ടോയ്ലറ്റ് നിർമ്മാണം - ഗുണനിലവാരമില്ലാത്ത പ്രവൃത്തി - 2,29,391/- രൂപ തടസ്സം ചെയ്യുന്നു. | 1-29 |

| | | |
|---|---|---|
| 31 | റോഡ് കോൺക്രീറ്റിങ് - അധിക നിരക്ക് നൽകി - കരാറുകാരന് അധികം നൽകിയത് 11,900/- രൂപ | 1-30 |
| 32 | പഞ്ചായത്ത് അനുമതി ഇല്ലാതെ സ്കൂളുകൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നത്, പ്രവർത്തിക്കുന്നത് -ക്രമവിരുദ്ധം | 1-31 |
| 33 | ഇ-ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല | 1-32 |
| 34 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല- തുക തിരിച്ച് ഈടാക്കാത്തത് സംബന്ധിച്ച് | 1-33 |
| 35 | റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല | 1-34 |
| 36 | ഫ്രണ്ട് ഓഫീസിൽ സ്ഥാപിച്ച ടച്ച് സ്ക്രീൻ സംവിധാനം തകരാറായത് - തുടർനടപടി വിവരം അറിയിക്കേണ്ടതാണ് | 1-35 |
| 37 | ഹരിതകർമ്മസേന-പ്രവർത്തന പുരോഗതി സംബന്ധിച്ച്. | 1-36 |
| 38 | വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമല്ല | 1-37 |
| 39 | മരുന്ന് ലഭ്യമാക്കിയില്ല. | 1-38 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | റോഡ് കോൺക്രീറ്റിങ് - അധിക നിരക്ക് നൽകി - കരാറുകാരന് അധികം നൽകിയത് 11,900/- രൂപ | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | 2021-22 ലെ ബജറ്റ് പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 2(1)/17.02.2021 | 3(1)/17.03.2022 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 30.07.2022 | - | - |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 1,27,10,897 |
| വരവ് | 8,01,57,031 |
| ആകെ | 9,28,67,928 |
| ചെലവ് | 7,78,69,723 |
| നീക്കിയിരിപ്പ് | 1,49,98,205 |

### 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | 1,46,14,800 | 1,46,14,800 | 1,46,14,800 | 0 |
| വികസന ഫണ്ട് - എസ്.സി.പി | 0 | 65,14,000 | 65,14,000 | 65,14,000 | 0 |
| വികസന ഫണ്ട് - ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ-റോഡ് | 0 | 51,54,504 | 51,54,504 | 17,63,092 | 33,91,412 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 0 | 1,09,79,000 | 1,09,79,000 | 97,72,963 | 12,06037 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (UNTIED) | 0 | 53,07,494 | 53,07,494 | 53,11,541 | -4,047 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (TIED) | 0 | 69,41,469 | 69,41,469 | 18,66,350 | 50,75,119 |
| ബി ഫണ്ട് | 0 | 6,85,27,240 | 6,85,27,240 | 6,85,27,240 | 0 |

### 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകതകൾ

1. താഴെപ്പറയുന്ന ഫണ്ടിനങ്ങളിലെ ചെലവ് തുകകൾ എ.സി.ആർ/വാർഷിക ധനകാര്യപത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നം. | ഫണ്ട് | ചെലവ് തുക (₹) | | | റിമാർക്സ് |
|---|---|---|---|---|---|
| | | എ.സി.ആർ/ വാർഷിക ധനകാര്യ | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | വ്യത്യാസം | |

| | | പത്രിക പ്രകാരം | | | |
|---|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 1,46,14,800 | 1,72,05,000 | 25,90,200 | ജി.ഒ. പ്രൊജക്ടുകളുടെ ചെലവ് തുക എ.സി.ആർ-ൽ ഉൾപ്പെടാത്തതാണ്. |
| 2 | വികസന ഫണ്ട് (എസ്.സി.പി) | 65,14,000 | 67,34,000 | 2,20,000 | |

2. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (UNTIED) ഇനത്തിലെ നീക്കിബാക്കി എ.സി.ആർ/ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം നെഗറ്റീവ് തുകയാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 179 | 11,81,44,780 | 146 | 6,25,98,886 | 0 | 33 | 81.56 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 10,249 | 10,68,149 (തനത് ഫണ്ട് മുൻകൂർ ഉൾപ്പെടെ) | 10,78,398 | 5,13,309 | 5,65,089 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,04,38,556 | 2,04,38,556 | 2,04,38,556 | 0 |
| ആകെ | 10,249 | 2,15,06,705 | 2,15,16,954 | 2,09,51,865 | 5,65,089 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 11,040 | 9 |
| കർഷകതൊഴിലാളി പെൻഷൻ | 38,98,300 | 252 |
| വിധവാ പെൻഷൻ | 2,04,43,400 | 734 |
| വാർദ്ധക്യകാല പെൻഷൻ | 3,69,30,700 | 1016 |
| വികലാംഗ പെൻഷൻ | 59,27,400 | 320 |
| വിവാഹ ധനസഹായം | 3,00,000 | 10 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 10,16,400 | 52 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.03.2023ന് 1:15 PM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 37,076/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ജി.ഒ. (എം.എസ്) 10/17/തസ്വഭവ തി. 09.01.17 പ്രകാരം പ്രോജക്ടുകൾക്ക് അംഗീകാരം വാങ്ങിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറണം. മോണിറ്ററിംഗ് കമ്മിറ്റികൾ ഓരോ പ്രോജക്ടുകളും പ്രത്യേകമായി മോണിറ്ററിംഗ് നടത്തേണ്ടതും റിപ്പോർട്ടുകൾ പ്രൊജക്ട് ഫയലിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്. (വർക്കിംഗ് ഗ്രൂപ്പുകൾ സംബന്ധിച്ചുള്ള പ്രത്യേക ഖണ്ഡിക കാണുക)
2. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ, 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)). ആയത് പാലിച്ചിട്ടില്ല.
3. ഗ്രാമ പഞ്ചായത്ത് ഓഫീസിലും, വിട്ടു കിട്ടിയ സ്ഥാപനങ്ങളിലും വാങ്ങുന്ന ഫർണിച്ചർ, ഉപകരണങ്ങൾ, കമ്പ്യൂട്ടർ തുടങ്ങിയവയ്ക്ക് നമ്പർ നൽകുകയും പ്രസ്തുത നമ്പർ അപ്രകാരം വാങ്ങിയ വസ്തുക്കളിലും ഇൻവോയ്സ്/ബില്ലുകളിലും സ്റ്റോക്ക് എൻട്രിയായി രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.
4. പൊതു ടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും പരിപാലനത്തിന് തുക ചെലവഴിക്കുന്നുണ്ടെങ്കിലും പഞ്ചായത്ത് പരിധിയിലെ പൊതു ടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും വ്യക്തമായ വിവരം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.തെരുവ് വിളക്കുകളുടെ സ്ഥിതി വിവരം കൃത്യമായി നിരീക്ഷിക്കുന്നതിന് സംവിധാനമില്ല. തെരുവ് വിളക്കുകളുടെ വിവരം (എണ്ണം, ഇനം, സ്ഥാപിച്ച ലൊക്കേഷൻ, വാറന്റി തുടങ്ങിയവ) കാണിക്കുന്ന റജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.
5. സ്റ്റോക്ക് രജിസ്റ്ററുകളുടെ പരിപാലനം നിർദ്ദിഷ്ട രൂപത്തിലല്ല:
കേരള ഫിനാൻഷ്യൽ കോഡ്- ആർട്ടിക്കിൾ-147, 149(1), 150, 152, 153, 158, 161 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സ്റ്റോറുകൾ കൈപറ്റാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആയവ പരിശോധിക്കേണ്ടതും സ്പെസിഫിക്കേഷൻ പ്രകാരമുള്ളതാണെന്നും കേടുപാടുകൾ സംഭവിച്ചിട്ടില്ലെന്നും ഉറപ്പ് വരുത്തേണ്ടതും സ്റ്റോക്കിൽ എടുക്കേണ്ടതും സ്റ്റോക്ക് അക്കൗണ്ട് കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്. 1) അസംസ്കൃത വസ്തുക്കൾക്കും വില കുറഞ്ഞ സ്റ്റോറുകൾക്കും, 2) ഓഫീസ് ഫർണീച്ചറുകൾക്ക് , 3) പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയ്ക്കും 4) കംപ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററുകൾ (ഗവ.സർക്കുലർ 86/2010/ഫിൻ. തീ.24.09.10) വാറണ്ടി ഉൾപ്പെടെയുള്ള വിവരം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. കേരള ഫിനാൻസ് കോഡ് വാല്യം II നിർദ്ദേശിക്കുന്ന മാതൃകയിലുള്ള സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും , സ്റ്റോറുകൾ വിതരണം ചെയ്യുന്ന സമയത്ത് തന്നെ സ്റ്റോക്ക് അക്കൗണ്ടിൽ വിവരം രേഖപ്പെടുത്തേണ്ടതും വർഷത്തിലൊരിക്കലെങ്കിലും സ്റ്റോക്ക് പരിശോധന നടത്തി സാക്ഷ്യപത്രം ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ സ്റ്റോറുകൾ കൈപറ്റുമ്പോൾ മേൽ നിർദ്ദേശം പാലിക്കുന്നില്ല.
6. ജീവനക്കാരുടെയും നിർവഹണ ഉദ്യോഗസ്ഥരുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്ന മാസ്റ്റർ ഇൻക്യുബൻസി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.
7. രേഖകളുടെയും രജിസ്റ്ററുകളുടെയും പരിപാലനം കാര്യക്ഷമമല്ല. തെരുവ് വിളക്ക് പരാതി രജിസ്റ്റർ, അൺ സർവീസബിൾ ഐറ്റം രജിസ്റ്റർ, ലോൺ രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.01.2023 | 12/2022 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.05.2010 മുതൽ 01.06.2010 വരെ | 2005-2006 മുതൽ 2009-2010 വരെ | 03.07.2010 |

## 1-11 വാർഷിക ധനകാര്യപത്രിക പരിശോധന കുറിപ്പുകൾ

2021-22 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിൽ തൻവർഷത്തെ കളക്ഷൻ തുക രജിസ്റ്റർ പ്രകാരം 8,04,810/- രൂപയും RP-1 ഷെഡ്യൂൾ പ്രകാരം 7,75,310/- രൂപയുമാണ്. 29,500/- രൂപയുടെ വ്യത്യാസം വിശദീകരിച്ചില്ല.

3. താഴെപ്പറയുന്ന ബാങ്ക് അക്കൗണ്ടുകൾക്ക് ബാങ്ക് സ്റ്റേറ്റ്മെന്റ്/റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

| ക്രമ നം | അക്കൗണ്ട് ശീർഷകം | ബാങ്ക് അക്കൗണ്ട് | RP-40(b) പ്രകാരം നീക്കിയിരുപ്പ് തുക (₹) |
|---|---|---|---|
| 1 | 450210101 | State Bank Of India- (SBT Plan -5700668648) | -4,65,547 |
| 2 | 450210101 | HDFC CFLTC-(50100365635766) | 5,229 |
| 3 | 450210101 | Nationalised Bank Account Of Own Revenue Fund | 59,346 |

4. ആസ്തികൾക്ക് I-17(A) ഷെഡ്യൂൾ പ്രകാരം തൻവർഷ ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതിന്റെ കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

5. 310900101 – Excess Of Income Over Expenditure ശീർഷകത്തിൽ 31.03.2022 തീയ്യതിയിലെ ബാലൻസ് ഷീറ്റ് B-1 ഷെഡ്യൂൾ പ്രകാരം നീക്കിയിരുപ്പ് 2,88,646/- രൂപ ആണെങ്കിലും ട്രയൽ ബാലൻസിൽ നീക്കിയിരുപ്പായി കാണിച്ചിട്ടുള്ളത് 1,87,578/- രൂപയാണ്.

6. ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ B-5 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരുപ്പ് തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

7. ഓഡിറ്റ് റിക്കവറി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ RP-10 ഷെഡ്യൂൾ പ്രകാരം 180400101 ശീർഷകത്തിലുള്ള 1,364/- രൂപയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

8. MGNREGS ചെലവ് തുക വാർഷിക ധനകാര്യപത്രികയിലും MGNREGS ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിലും താഴെപ്പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു

| ക്രമ നം | ചെലവിനം | ചെലവ് തുക (₹) | | | റിമാർക്സ് |
|---|---|---|---|---|---|
| | | വാർഷിക ധനകാര്യ പത്രിക | MGNREGS ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് | വ്യത്യാസം | |
| 1 | EFMS ചെലവ് | 2,04,38,556 | 2.20,50,886 | 16,12,330 | ഷെഡ്യൂൾ I-14(C) ലെഡ്ജർ |
| 2 | ആകെ ചെലവ് | 2,09,51,865 | 2,25,64,195 | 16,12,330 | ഷെഡ്യൂൾ I-6 |

16,12,330/- രൂപയുടെ വ്യത്യാസം വിശദീകരിച്ചില്ല.

9. ആസ്തി രജിസ്റ്റർ (സചിത്ര) കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് പ്രകാരം ഈയിനത്തിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
അപാകത സംബന്ധിച്ച് നൽകിയ 17.03.2023 തീയ്യതിയിലെ ഓഡിറ്റ് എൻക്വയറി നം. 8ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-12 ഒരേ പ്ലോട്ടിലെ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലകളായി വസ്തുനികുതി നിർണ്ണയിച്ചു.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തിരിക്കേണ്ടതും, ചട്ടം 6 പ്രകാരം ഈ മേഖലകളിലെ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിന്മേൽ യഥാക്രമം 0%, 10%, 20% എന്നിങ്ങനെ ഇളവ് നൽകാവുന്നതുമാണ്.

സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമായ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പുതിയ കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിക്കുന്ന വേളയിൽ ബാധകമായ മേഖല, അതേ ആളുടെ ഉടമസ്ഥതയിലും അതേ പ്ലോട്ടിലും നിലവിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളുടേതിന് വ്യത്യസ്തമായി കണക്കാക്കിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ

ചേർക്കുന്നു.

| ക്രമ നം | ഉടമസ്ഥൻ | വാർഡ്, സർവ്വേ നം | കെട്ടിടനമ്പർ | മേഖല | വസ്തുനികുതി പ്രാബല്യത്തിൽ വന്ന അർദ്ധവർഷം |
|---|---|---|---|---|---|
| 1 | മൊയ്തുണ്ണി, മാട്ടേല വളപ്പിൽ | 4, 171/2c | 5/B | പ്രഥമം | 2020 - I st |
| | | | 5/C | ദ്വിതീയം | 2021 - I st |
| 2 | ശിവപ്രസാദ്, അപ്പനത്ത് | 10, 301/5,6 | 1/A | പ്രഥമം | 2017 - I st |
| | | | 1/B | പ്രഥമം | 2017 - I st |
| | | | 1/C | പ്രഥമം | 2016 - II nd |
| | | | 1/D | പ്രഥമം | 2017 - I st |
| | | | 1/E | പ്രഥമം | 2017 - I st |
| | | | 1/F | പ്രഥമം | 2017 - I st |
| | | | 1/G | ദ്വിതീയം | 2021 - I st |
| | | | 1/H | ദ്വിതീയം | 2021 - I st |
| | | | 1/I | ദ്വിതീയം | 2021 - I st |

പ്രഥമ മേഖലയായി വസ്തുനികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്ന പ്ലോട്ടിൽ പുതുതായി നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് ദ്വിതീയ മേഖലയിൽ വസ്തുനികുതി നിർണ്ണയിക്കുകയും ഇതുമൂലം അടിസ്ഥാന വസ്തുനികുതിയിന്മേൽ 10% ഇളവ് നൽകുകയും ചെയ്തിരിക്കുന്നു. ഈ അപാകത സംബന്ധിച്ച് നൽകിയ 20.03.2023 തീയ്യതിയിലെ ഓഡിറ്റ് എൻക്വയറി നം. 26ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് ശരിയായ മേഖലയിൽ വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതും, നന്നംമുക്ക് ഗ്രാമപഞ്ചായത്ത് പരിധിയിൽ വസ്തുനികുതി പരിഷ്കരണത്തിനായി മേഖല തരം തിരിവ് നടത്തിയതിന്റെ കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-13 തുക മുൻകൂർ നൽകിയെങ്കിലും ലാപ്ടോപ്പ് ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് | 48/22 - കൃഷിഭവന് യു.പി.എസ്, കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾ വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |
| അടങ്കൽ | ₹2,00,000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ആകെ ചെലവ് | ₹78,817/- |

മേൽ പ്രൊജക്റ്റിൽ ഉൾപ്പെടുത്തി കൃഷിഭവനിലേയ്ക്ക് CPRCS മുഖേന ലാപ്ടോപ്പ് വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഐ.ടി മിഷന് തുക മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും ലാപ്ടോപ് ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രൊഫോർമ ഇൻവോയ്സ് | ഇനം | ബിൽ വിവരം |
|---|---|---|
| നം. TVM/ITBG/PI/RC/29259/20-21<br>തീയ്യതി: 09.09.2021<br>₹39,020/-<br>കെൽട്രോൺ | Laptop – Medium End – Windows 10 Prof | BRN : 21151252036600584396,<br>തീയ്യതി : 28.10.2021<br>₹39,020/- |

ഈ വിഷയം സംബന്ധിച്ച് നൽകിയ 17.03.2023 തീയ്യതിയിലെ ഓഡിറ്റ് എൻക്വയറി നം. 7ന് മറുപടിയായി, മേൽപ്രകാരമുള്ള ലാപ്ടോപ്പ് കെൽട്രോൺ സപ്ലൈ ചെയ്തിട്ടില്ലെന്നും ആയതിന്റെ തുക തിരികെ ലഭ്യമാക്കുന്നതിനായി 01.03.2023 തീയ്യതിയിലെ NMK-32/22-23 നമ്പർ കത്ത് മുഖേന ആവശ്യപ്പെട്ടിട്ടുണ്ടെന്നും കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്. തുക തിരികെ ലഭ്യമാക്കി വിവരം

അറിയിക്കുന്നതുവരെ ചെലവ് തുക ₹39,020/- തടസ്സത്തിൽ വെക്കുന്നു.

## 1-14 എസ്.എസ്.എ : വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകളുടെ ചെലവുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

| ക്രമ നമ്പർ | പ്രൊജക്ട് പേര്, നമ്പർ, ഫണ്ട് | തുക (₹) | വൗച്ചർ/ബിൽ നമ്പർ, തിയതി |
|---|---|---|---|
| 1 | എസ്.എസ്.എ വിഹിതം അടവാക്കൽ, 1/22 വികസനഫണ്ട്. | 10,00,000 | 7/21-22, തീ 02.08.21 |
| 2 | എസ്.എസ്.എ വിഹിതം അടവാക്കൽ (എസ്.സി), 3/22 വികസനഫണ്ട്. | 4,00,000 | 8/21-22, തീ 02.08.21 |
| | ആകെ | 14,00,000 | |

ചെലവു തുകയുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നമ്പർ 1/14.03.23ന് മറുപടി ലഭ്യമായിട്ടില്ല. ചെലവു തുക ₹14,00,000/- തടസ്സത്തിൽ വെക്കുന്നു.

## 1-15 തെരുവ് വാട്ടർടാപ്പുകളുടെ എണ്ണം - സംയുക്ത പരിശോധന റിപ്പോർട്ട് ലഭ്യമല്ല

ഗ്രാമ പഞ്ചായത്ത് 172 വാട്ടർ ടാപ്പുകളുടെ വെള്ളക്കരമായി നിലവിൽ പ്രതിമാസം 79,020/- രൂപ വീതം കേരള വാട്ടർ അതോറിറ്റിയിലേക്ക് അവരുടെ ഡിമാൻഡ് നോട്ടീസിന്റെ മാത്രം അടിസ്ഥാനത്തിൽ അടവാക്കി വരുന്നുണ്ട്. ഗ്രാമ പഞ്ചായത്ത് പരിധിയിലെ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി നിജപ്പെടുത്തിയതിന്റെ ഫയലുകൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. ടാപ്പുകളുടെ വിശദാംശങ്ങൾ അടങ്ങിയ രജിസ്റ്ററും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചാർജ് അടവാക്കുന്ന മുഴുവൻ ടാപ്പുകളും നിലവിൽ പ്രവർത്തന ക്ഷമമാണോ എന്നതു ഉറപ്പു വരുത്താൻ ഓഡിറ്റിനു സാധിച്ചിട്ടില്ല. സ.ഉ(സാ)1275/2009/ ത.സ്വ.ഭ.വ. തിയ്യതി- 30-05-2009 ഉത്തരവു പ്രകാരം തദ്ദേശ സ്ഥാപനം ജലഅതോറിറ്റി നിയോഗിക്കുന്ന ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ പരിശോധന നടത്തി ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ , പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ കണക്കുകൾ ശേഖരിച്ച് അതിനനസൃതമായാണോ പണം നൽകുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. നിലവിൽ ജലം ലഭ്യമാകുന്ന ടാപ്പുകളുടെ എണ്ണം വാർഡ്/ലൊക്കേഷൻ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തിയ രജിസ്റ്റർ സഹിതം സംയുക്ത പരിശോധന റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. (ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 22/20.03.23ന് മറുപടി ലഭ്യമായിട്ടില്ല).

## 1-16 തെരുവു വിളക്ക് റിപ്പയർ - പദ്ധതി നിർവ്വഹണത്തിൽ അപാകത

| | |
|---|---|
| പ്രൊജക്ട് | 191/22 - തെരുവ് വിളക്ക് റിപ്പയർ |
| അടങ്കൽ | ₹5,00,000/- (തനത് ഫണ്ട്) |
| ചെലവഴിച്ച തുക | ₹2,01,297/- |
| നിർവഹണം | സെക്രട്ടറി |

പഞ്ചായത്ത് ഡയറക്ടറുടെ ജി-2442/74/2015 നടപടിക്രമങ്ങളുടെ ഭാഗമായി അടാട്ട് മോഡലിൽ തെരുവ് വിളക്ക് റിപ്പയർ ആണ് പദ്ധതി വിഭാവനം ചെയ്യുന്നത്. പദ്ധതിയുടെ ഭാഗമായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ:

| ക്രമ നം. | ഇനം | നൽകിയത് | തുക (₹) | വൗച്ചർ നം. തീ. |
|---|---|---|---|---|
| 1 | ഇലക്ട്രീഷ്യന്റെ കൂലി | അബൂബക്കർ. കെ. പി | 13,300 | 22100873/19.02.22 |
| 2 | ഇലക്ട്രീഷ്യന്റെ കൂലി | മണികണ്ഠൻ. കെ. എ. | 13,300 | 22100874/19.02.22 |
| 3 | ഇലക്ട്രീഷ്യന്റെ കൂലി | അബൂബക്കർ. കെ. പി. : 18,900/- | 37,800 | 22101001/25.03.22 |

| | | | | |
|---|---|---|---|---|
| | | മണികണ്ഠൻ. കെ. എ. : 18,900/- | | |
| 4 | ഉപകരണം വാങ്ങൽ | ഏഷ്യൻ മാർക്കറ്റിംഗ് | 1,09,497 | 22100983/23.03.22 |
| 5 | ഉപകരണം വാങ്ങൽ | ഏഷ്യൻ മാർക്കറ്റിംഗ് | 27,400 | 22101002/25.03.22 |
| | | | 2,01,297 | |

മേൽ പട്ടികയിലെ ക്രമ നം. 4, 5 പ്രകാരം യഥാക്രമം താഴെ കാണുന്ന ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | ഇനം | എണ്ണം |
|---|---|---|
| 4 | 9w LED Bulb | 200 |
| | Shade PVC Unbreakable Polycarbonate | 200 |
| 5 | 9w LED Bulb | 200 |
| | 15w LED Bulb | 300 |
| | 2.5mm Aluminium Wire | 1040M |
| | Bed Switch | 200 |
| | Pendant Holder Unbreakable Heavy Polycarbonate | 200 |
| | Insulation Tape | 150 |

പദ്ധതിയുടെ ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ താഴെ കാണുന്ന അപാകതകൾ കാണുന്നു.

1. പദ്ധതികളുടെ നിർവഹണം നടത്തുന്നതിന് മുൻപ് ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള പ്രവർത്തിക്കുന്നതും പ്രവർത്തനരഹിതമായതുമായ, തെരുവു വിളക്കുകൾ സംബന്ധിച്ച് വ്യക്തമായ വിവര ശേഖരണം നടത്തിയിട്ടില്ല. ഏതൊക്കെ ഇടങ്ങളിൽ/വാർഡുകളിൽ ആണ് സ്ട്രീറ്റ് ലൈറ്റുകൾ അറ്റകുറ്റപ്പണി നടത്തണമെന്ന വിവരമോ എസ്റ്റിമേറ്റോ ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ ലഭ്യമല്ല. ആദ്യ പട്ടികയിലെ ക്രമ നം. 4, 5 എന്നിവ പ്രകാരമുള്ള വാങ്ങലുകൾ നടത്താൻ ആസ്പദമാക്കിയ വിവരങ്ങൾ (Requirement List) എത്തരത്തിലാണ തയാറാക്കിയത് എന്ന വിശദീകരിക്കപ്പെട്ടിട്ടില്ല.

2. വാങ്ങലുകൾ നടത്തിയ ഫയൽ പരിശോധിച്ചതിൽ സ്റ്റോക്ക് എൻട്രി സാക്ഷ്യപ്പെടുത്തുകയോ, സ്റ്റോക്ക് രജിസ്റ്ററിൽ വിതരണ/ബാലൻസ് വിവരം കൃത്യമായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. മുഴുവനായും വിതരണം ചെയ്തെങ്കിൽ ആയതിന്റെ കൈപ്പറ്റ് ഉൾപ്പെടെയുള്ള വിശദാംശങ്ങളും, അല്ലാത്ത പക്ഷം നിലവിൽ ശേഷിക്കുന്നവയുടെ വിവരങ്ങളും ലഭ്യമല്ല.

3. സ്ട്രീറ്റ് ലൈറ്റ് റിപ്പയർ പ്രവൃത്തി സംബന്ധിച്ച ഗവ. സർക്കുലർ നം. 3055/ഡി.എ.3/2011/തസ്വഭവ, തീ. 15.09.2011 പ്രകാരം സ്ട്രീറ്റ് ലൈറ്റ് റിപ്പയർ ചെയ്യുന്നതിനായി ഉപയോഗിക്കുന്ന ഉപകരണങ്ങൾ "ഐ.എസ്.ഐ" മാർക്കുള്ളവയായിരിക്കണമെന്നും, കെ.എസ്.ഇ.ബി നിരക്കിനെക്കാൾ ഉപകരണങ്ങളുടെ തുക അധികരിക്കുവാൻ പാടില്ലെന്നും, കെ.എസ്.ഇ.ബിയുടെ സൂപ്പർവിഷനിൽ പ്രവർത്തികൾ ചെയ്യണമെന്നും നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ പദ്ധതി ആരംഭിക്കുന്നതിനു മുൻപ് കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തേണ്ടതുമാണ്. ആയവ പാലിക്കപ്പെട്ടോ എന്ന് പരിശോധിക്കാൻ ആവശ്യമായ രേഖകൾ ഓഡിറ്റിന് ഹാജാരാക്കിയ ഫയലിൽ ഇല്ല.

4. KSEB ജീവനക്കാരുടെ മേൽനോട്ടത്തിൽ തെരുവുവിളക്കുകളുടെ പരിപാലന പ്രവൃത്തികൾ നടത്തണമെന്ന 15.09.2011ലെ 3055/ഡിഎ3/2011/തസ്വഭവ സർക്കുലറിലെ നിർദ്ദേശങ്ങൾ പ്രകാരം KSEB യിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തികൾ നടത്തുന്നതിന് മുൻപ് കെ.എസ്.ഇ.ബിയിൽ നിന്നുള്ള അനുമതിയും വാങ്ങിയിട്ടില്ല.

5. തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ പരാമർശിച്ചതിൽ പ്രകാരം കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് "രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ്" എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. കൂടാതെ ഇതു സംബന്ധിച്ച ഒരു മെയിന്റനൻസ് രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്. ആയവ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല. അഴിച്ചുമാറ്റപ്പെട്ട/കേടായ തെരുവ് വിളക്കുകൾ എന്തുചെയ്തുവെന്ന് വ്യക്തമല്ല.

6. പ്രവർത്തന രഹിതമായ തെരുവുവിളക്ക് പോസ്റ്റ് നം./പ്രദേശം/വാർഡ്, വിവരം നൽകുന്ന ആളിന്റെ പേരും ഫോൺ നമ്പറും, അറ്റകുറ്റപ്പണി നടത്തിയ തീയതി, ഇലക്ട്രീഷ്യന്റെ ഒപ്പ്, നോഡൽ ഓഫീസറുടെ (ഹെഡ് ക്ലർക്ക്) ഒപ്പ് എന്നീ വിവരങ്ങളടങ്ങിയ പരാതി രജിസ്റ്റർ (തെരുവ് വിളക്ക്) പരിപാലിക്കേണ്ടതുണ്ട്. പരാതി രജിസ്റ്ററിൽ 2021-22 കാലയളവിൽ രേഖപ്പെടുത്തൽ ഭാഗികമാണ്. രജിസ്റ്റർ പ്രകാരം റിപ്പയർ പൂർത്തിയായോ എന്നത് ഉറപ്പിക്കാനാവില്ല. രജിസ്റ്റർ പ്രകാരം പരാതികൾ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടെങ്കിലും തെരുവ് വിളക്കുകൾ റിപ്പയർ ചെയ്ത് പരാതി പരിഹരിച്ചതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

7. വാർഡു മെമ്പർമാരുടെ സാക്ഷ്യപത്രത്തിൽ നിശ്ചിത എണ്ണം റിപ്പയർ ചെയ്തു എന്ന രേഖപ്പെടുത്തിയെങ്കിലും പോസ്റ്റുകളുടെ വിവരം രേഖപ്പെടുത്താത്തവയോ രേഖപ്പെടുത്തിയ വിവരം എണ്ണവുമായി പൊരുത്തപ്പെടാത്തവയോ ആണ്.

ഉദാ:- വാർഡ് 17 ൽ 4 ദിവസങ്ങളിലായി 100 ബൾബുകൾ റിപ്പയർ ചെയ്തതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും 25 പോസ്റ്റുകളുടെ വിവരങ്ങൾ മാത്രമാണ് ഫയലിൽ ഉള്ളത്.

വാർഡ് 2 ൽ 15.01.22 ന 44 ലൈറ്റുകൾ റിപ്പയർ ചെയ്തതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും മേൽ തീയതിയിലെ 32 പോസ്റ്റുകളുടെ വിവരങ്ങൾ മാത്രമാണ് ഫയലിൽ ഉള്ളത്.

8. ഹരിത കർമ്മ സേനയുടെ വാഹനമാണ് നിലവിൽ പദ്ധതി ആവശ്യത്തിനു ഉപയോഗിച്ച് വരുന്നത് എങ്കിലും വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ തെരുവ് വിളക്ക് സർവീസിനായി യാത്ര നടത്തുന്ന പ്രദേശങ്ങളുടെ വിവരം രേഖപ്പെടുത്തുന്നില്ല. അപാകതകൾക്ക് വിശദീകരണമാരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/17.03.23ന് മറുപടി ലഭ്യമായിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ചെലവ് തുക ₹2,01,297/- തടസത്തിൽ വെക്കുന്നു.

## 1-17 വാട്ടർ എ.ടി.എം : പദ്ധതി അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് പേര് | വാട്ടർ എ.ടി.എം |
| പ്രൊജക്റ്റ് നമ്പർ | 178/22 |
| ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ്. |
| അടങ്കൽ | ₹5,00,000/- |
| ചെലവ് | ₹4,98,000/- |
| ഇൻവോയ്സ് നം. | CHNBC/141/21-22 തീ 17.02.22 |
| വൗച്ചർ നം. | 22101003, തീ. 25.03.22 |
| നിർവഹണം | സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം 4,98,000/- രൂപ ചെലവഴിച്ച് എറണാകുളം KSIE (Kerala State Industrial Enterprises LTD) യിൽ നിന്നും 500LPH ശേഷിയുള്ള വാട്ടർ എ.ടി.എം വാങ്ങുകയും ആയത് പഞ്ചായത്ത് ഭരണ സമിതി തീരുമാനം നം. 6(12) തിയതി 17.01.22 പ്രകാരം മൂക്കുതല PCNGHS സ്കൂളിൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.
ഓഡിറ്റിനു ഹാജരാക്കിയ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഇൻവോയ്സിൽ സ്റ്റോക്ക് വിവരം സാക്ഷ്യപ്പെടുത്തുകയോ വാങ്ങിയ ഉപകരണം സ്റ്റോക്കിൽ എടുക്കുകയോ ചെയ്തിട്ടില്ല.

2. വിലയേറിയ ഉപകരണം ആണെങ്കിലും വാറന്റി സംബന്ധിച്ച വിവരം ഫയലിൽ ലഭ്യമല്ല. സർവീസ് സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തി സ്ഥാപനവുമായി കരാർ ചമച്ചിട്ടില്ല.

3. ഉപകരണത്തിന്റെ പരിപാലന ചുമതല പഞ്ചായത്തിലെ ഏതെങ്കിലും സെക്ഷനു രേഖാമൂലം നൽകിയിട്ടില്ല. അതുകൊണ്ട് തന്നെ, ഉപകരണങ്ങൾ തകരാറിലാകുന്ന പക്ഷം ആയത് റിപ്പോർട്ട് ചെയ്യുന്നതിനോ സർവീസ് നടത്തുന്നതിനു കമ്പനിയുമായി ബന്ധപ്പെടുന്നതിനോ സംവിധാനം ഇല്ല.

4. ഉപകരണത്തിൽ നിന്നും ലഭ്യമാകുന്ന വെള്ളത്തിനു നിരക്ക് നിശ്ചയിച്ചതിന്റെയും ആയതിന്റെ വരവ് ചെലവ് കണക്കുകളുടെയും വിവരങ്ങളോ രജിസ്റ്ററോ മറ്റു രേഖകളോ ലഭ്യമാക്കിയിട്ടില്ല. 26.07.22 ലെ ലെഡ്ജർ പ്രകാരമുള്ള 5,386/- രൂപയുടെ വിവരം മാത്രമാണ് ഓഡിറ്റിനു ലഭ്യമായത്. വിശദീകരണമാരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/17.03.23ന് മറുപടി ലഭ്യമായിട്ടില്ല. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-18 പ്രിന്റർ ലഭ്യമായതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | 174/22 - പഞ്ചായത്ത് ഓഫീസിലേക്ക് പ്രിന്റർ വാങ്ങൽ |
| ഫണ്ട് | തനത് ഫണ്ട് |
| അടങ്കൽ | ₹40,000/- |
| ചെലവ് | ₹32,971/- |
| പ്രൊഫോമ ഇൻവോയ്സ് നം./തീ. | 29467/15.09.2021 (A4 മോണോക്രോം), ₹12,953/-<br>29468/15.9.2021 (A4 മൾട്ടി ഫംഗ്ഷൻ), ₹20,018/- |
| വൗച്ചർ നം. | 22100404, തീ. 20.09.21 |
| നിർവഹണം | സെക്രട്ടറി |

മേൽ പദ്ധതിയുടെ ഭാഗമായി A4 മോണോക്രോം പ്രിന്റർ, A4 മൾട്ടി ഫംഗ്ഷൻ പ്രിന്റർ എന്നിങ്ങനെ 2 പ്രിന്ററുകൾക്കായി കേരള

സ്റ്റേറ്റ് ഐ.ടി മിഷനു 32,971/- രൂപ നൽകിയിട്ടുണ്ടെങ്കിലും ഉപകരണം ലഭ്യമായതിന്റെയോ സ്റ്റോക്കിലെടുത്തതിന്റെയോ വിവരങ്ങൾ ഓഡിറ്റിനു ഹാജരാക്കിയ ഫയലിൽ ഇല്ല. പ്രിന്റർ ലഭ്യമായിട്ടുള്ള പക്ഷം ഫൈനൽ ടാക്സ് ഇൻവോയ്സും, ഇൻവോയ്സ്, വാറന്റി ഉൾപ്പെടെയുള്ള പ്രസക്ത വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്ററും, ലഭ്യമായിട്ടില്ലാത്ത പക്ഷം തുക തിരികെ ഈടാക്കിയ/ഈടാക്കാൻ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങളും (ബാധകമായത്) ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നമ്പർ 21/20.03.23ന് മറുപടി ലഭ്യമായിട്ടില്ല. ₹32,971/- രൂപ തടസത്തിൽ വെക്കുന്നു.

## 1-19 മഴക്കാലപൂർവ്വ ശുചീകരണം:ചെലവു രേഖകൾ ലഭ്യമായിട്ടില്ല

വൗച്ചർ നമ്പർ 22100113, തീയതി 27.05.2021 പ്രകാരം മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി ശുചിത്വ മിഷനിൽ നിന്നുള്ള 1,70,000/- രൂപയും തനത് ഫണ്ടിൽ നിന്നുള്ള 85,000/- രൂപയും ചേർത്ത് 2,55,000/- രൂപ (17 വാർഡിന് ശുചിത്വ മിഷൻ ഫണ്ട് 10,000/- രൂപ + തനത് ഫണ്ട് 5,000/- രൂപയും വീതം) മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)ക്കു കൈമാറിയിരുന്നു. എന്നാൽ ഓഡിറ്റിനു ഹാജരാക്കിയ ഫയലിൽ മേൽ തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല. ജാഗ്രതാ പ്രവർത്തനങ്ങൾക്കായി 2021-22 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ നിന്നും മെഡിക്കൽ ഓഫീസർക്ക് അനുവദിച്ച തുകയുടെ ചെലവു വിശദാംശങ്ങളും വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നമ്പർ 25/20.03.23ന് മറുപടി ലഭ്യമായിട്ടില്ല. 2,55,000/- രൂപ തടസത്തിൽ വെക്കുന്നു.

## 1-20 എൽ.പി സ്കൂൾ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ (എസ്.സി)-സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല.

അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് നമ്പർ 52/22 LP സ്കൂൾ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ എന്ന പദ്ധതി പ്രകാരം വികസന ഫണ്ട് (SCP) 1,60,000/- രൂപ ചെലവഴിച്ച് ARTCO യിൽ നിന്നും ടെണ്ടർ നടപടികൾ ഇല്ലാതെ മേശയും കസേരയും 5000 രൂപ നിരക്കിൽ 32 എണ്ണം വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ

| പ്രോജക്ട് | ചെലവഴിച്ച തുക (₹) | ബിൽ നമ്പർ | ഇൻവോയ്സ് നമ്പർ |
|---|---|---|---|
| LP സ്കൂൾ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ (പ്രോജക്ട് നമ്പർ 52/22) | 1,60,000/- വികസന ഫണ്ട് (SCP) | 6/28.09.21 | KKD/5/20.9.21 |

എന്നാൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു,

1. പദ്ധതിക്കായി ടെണ്ടർ ക്ഷണിക്കാതെയാണ് ARTCO തെരെഞ്ഞെടുത്തിട്ടുള്ളത്. എന്നാൽ ജി.ഒ (ആർ.ടി) നമ്പർ 20/2020/SPD, തിയതി 23.10.20 ഉത്തരവ് പ്രകാരം സർക്കാർ സ്ഥാപനങ്ങൾ ടെണ്ടർ ക്ഷണിക്കാതെ ARTCO യിൽനിന്നും ഉപകരണങ്ങൾ വാങ്ങുമ്പോൾ ARTCO മാനേജിംഗ് ഡയറക്ടറിൽ നിന്നും പ്രസ്തുത ഉപകരണങ്ങൾ ARTCO യിൽ സ്വയം നിർമ്മിച്ചതാണ് എന്ന സാക്ഷ്യപത്രം വാങ്ങേണ്ടതാണ് എന്ന് നിർദേശിച്ചിട്ടുണ്ട് എന്നാൽ ഗ്രാമ പഞ്ചായത്ത് ഈ നിർദേശം പാലിച്ചിട്ടില്ല.

2. ജി.ഒ (ആർ.ടി) നമ്പർ 20/2020/SPD, തിയതി 23.10.20 ഉത്തരവ് ഖണ്ഡിക 4 പ്രകാരം സർക്കാർ സ്ഥാപനങ്ങൽ ടെണ്ടർ ക്ഷണിക്കാതെ ARTCO യിൽനിന്നും ഉപകരണങ്ങൾ വാങ്ങുമ്പോൾ ARTCO സ്വയം നിർമ്മിച്ച വസ്തുക്കൾ മാത്രമാണ് ടെണ്ടർ കൂടാതെ വാങ്ങുന്നതിന് അനുവാദമുള്ളത്. എന്നാൽ ഗ്രാമ പഞ്ചായത്ത് വാങ്ങിയ Hard Wood Table With Drawer & HM Armless Chair 190 X60 X 75 CM ARTCO സ്വയം നിർമ്മിച്ച അവരുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടവയല്ല.

3. സ.ഉ.(കൈ) നം 22/18/ത.സ്വ.ഭ.വ. തിയതി. 14.02.2018 ഖണ്ഡിക നമ്പർ 7.2.7ൽ നിർദ്ദേശിച്ച പ്രകാരം വിദ്യാർത്ഥികൾ മറ്റ് വകുപ്പിൽനിന്ന് ഈ ആനുകൂല്യം കൈപറ്റിയിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

4. സ.ഉ.(കൈ) നം 22/18/ത.സ്വ.ഭ.വ, തിയതി. 14.02.2018 ഖണ്ഡിക നമ്പർ 7.2.7 ൽ ഫർണ്ണിച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണമെന്ന് നിർദേശിച്ചിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്ത് ഈ നിർദ്ദേശം പാലിക്കാതെ നേരിട്ട് വിതരണം ചെയ്യുകയാണ് ചെയ്തത്.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/15.03.23 ന് മറുപടി നൽകിയിട്ടില്ല. ഭാവിയിൽ എല്ലാ വാങ്ങലുകളും സർക്കാർ ഉത്തരവുകൾ പാലിച്ചാണ് നടത്തുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-21 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ

അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 51/22 – എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് എന്ന പദ്ധതി പ്രകാരം 4,35,664/- രൂപ ചെലവഴിച്ച് KELTRON ൽ നിന്നും ലാപ്ടോപ്പ് ഒന്നിന് 27,229/- രൂപ നിരക്കിൽ 16 ലാപ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ

| പ്രോജക്ട് | ചെലവഴിച്ച തുക (₹) | ബിൽ നമ്പർ/ചെക്ക് നമ്പർ | പ്രഫോർമ ഇൻവോയ്സ് നമ്പർ (ഒറിജിനൽ ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല.) |
|---|---|---|---|

| | | | |
|---|---|---|---|
| എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (പ്രോജക്ട് നമ്പർ 51/22) | 4,19,000/- വികസന ഫണ്ട് (SCP) | 5/28.09.21 | TVM/ITGB/PI/2974/20-21 /20.09.21 |
| | 16,664/- തനത് | 1594366/ 07.10.21 | |
| ആകെ | 4,35,664 | | |

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നമ്പർ ഡി.എ1/363/2019/ത.സ്വ.ഭ.വ തിയതി 20.1.20 പ്രകാരം Medium End വിഭാഗത്തിൽപ്പെട്ട UBUNTU അധിഷ്ഠിതമായ ലാപ്പ്ടോപ്പ് ഒന്നിന് പരമാവധി അനുവദിക്കാവുന്ന തുക 22,895/- രൂപയാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് KELTRON ൽ നിന്നും ലാപ്പ്ടോപ്പ് ഒന്നിന് 27,229/- രൂപ നിരക്കിൽ ആണ് വാങ്ങിയിട്ടുള്ളത്. വിശദ വിവരം ചുവടെ

| ഇൻവോയ്സ് നമ്പർ/ഇനം | നൽകിയത് (₹) | നൽകാവുന്നത് (₹) | അധികം (₹) |
|---|---|---|---|
| TVM/ITGB/PI/2974/20-21 /20.9.21 Laptop UBUNTU-16 Nos. | 4,35,664 (16x27,229) | 3,66,320 (16 X22,895) | 69,344 |
| | | ആകെ | 69,344 |

2. സ.ഉ.(കൈ) നം 22/18/ത.സ്വ.ഭ.വ, തിയതി. 14.02.2018 ഖണ്ഡിക (നമ്പർ 7.2.8) യിൽ ലാപ് ടോപ്പ് വിതരണം ചെയ്യുന്ന വിദ്യാർത്ഥികൾക്ക് പട്ടികജാതി വകുപ്പിൽ നിന്നും പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കണമെന്ന് നിർദേശിച്ചിരുന്നു. എന്നാൽ ലാപ്ടോപ്പ് കൈപ്പറ്റിയ താഴെ പറയുന്ന വിദ്യാർത്ഥികൾ പ്രസ്തുത സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| പേര് | കോഴ്സ് | പഠിക്കുന്ന സ്ഥാപനം |
|---|---|---|
| അഞ്ജലി കൃഷ്ണ | BA | കേരളവർമ്മ കോളേജ് തൃശൂർ |
| ശ്രീഷ്മ | BSc | സെന്റ് മേരീസ് കോളേജ് തൃശൂർ |
| അഭിഷേക് | BA | ചെമ്പൈ സംഗീത കോളേജ് പാലക്കാട് |
| നവ്യ | BA | ക്യാപിറ്റൽ കോളേജ് എടപ്പാൾ |
| ദിവ്യ | BBA | MD കോളേജ് പഴഞ്ഞി |

3. സ.ഉ.(കൈ) നം 22/18/ത.സ്വ.ഭ.വ, തിയതി. 14.2.2018 ഖണ്ഡിക (നമ്പർ 7.2.8) യിൽ ലാപ്ടോപ്പ് വിതരണം ചെയ്യുന്ന വിദ്യാർത്ഥികൾ സ്വകാര്യ സ്ഥാപനങ്ങളിൽ പഠനം നടത്തുന്നവരാണെങ്കിൽ സർവ്വകലാശാലയിൽ രജിസ്റ്റർ ചെയ്ത രേഖകൾ ഹാജരാക്കണമെന്ന് നിർദേശിച്ചിരുന്നു. എന്നാൽ താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് സർവ്വകലാശാലയിൽ രജിസ്റ്റർ ചെയ്ത രേഖകൾ ഹാജരാക്കാതെയാണ് ലാപ്പ്ടോപ്പ് വിതരണം ചെയ്തിട്ടുള്ളത്.

| പേര് | കോഴ്സ് | പഠിക്കുന്ന സ്ഥാപനം |
|---|---|---|
| നവ്യ കെ. | BA (Sociology) | ക്യാപിറ്റൽ കോളേജ് എടപ്പാൾ |
| അനീന കെ. എസ്. | BA (English) | വള്ളത്തോൾ അക്കാഡമി എടപ്പാൾ |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/15.3.23 ന് മറുപടി നൽകിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ലാപ്ടോപ്പ് വാങ്ങുന്നതിനായി കെൽട്രോണിന് അധികം നൽകിയ 69,344/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സം ചെയ്യുന്നു. മറ്റ് അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 1-22 തുടർ സാക്ഷരത പദ്ധതി - തുടർ വിവരം ലഭ്യമല്ല.

നിർവ്വഹണം : ഹെഡ്മിസ്ട്രസ്

ചെലവഴിച്ച തുക : 2,19,550/- (തനത് ഫണ്ട്)

വൗച്ചർ നമ്പർ : 22100790/01.02.22

ഗ്രാമ പഞ്ചായത്തിൽ സർക്കുലർ നമ്പർ ഡി.എ.1/286/2019/തസ്വഭവ, തിയതി 25.9.19 നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ സാക്ഷരത പദ്ധതി പ്രകാരം (പ്രോജക്ട് നമ്പർ 34/22) തുല്യതാ പരീക്ഷക്കായി 2,19,550/- രൂപ താഴെ പറയും പ്രകാരം സാക്ഷരതാമിഷനിൽ രജിസ്ട്രേഷൻ ഫീസ് അടവാക്കിയിട്ടുണ്ട്. എന്നാൽ സാക്ഷരതാമിഷനിൽ രജിസ്ട്രേഷൻ ഫീസ് കൈപ്പറ്റിയതിന്റെ വിവരങ്ങൾ രജിസ്ട്രേഷൻ വിശദാംശങ്ങൾ, വിദ്യാർത്ഥികൾ പ്രസ്തുത പരീക്ഷ എഴുതിയതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമല്ല. കാരണം വ്യക്തമാക്കേണ്ടതാണ്.

| കോഴ്സ് | രജിസ്റ്റർ ചെയ്ത പഠിതാക്കളുടെ എണ്ണം | നൽകിയ തുക (₹) (തനത് ഫണ്ട് ) |
|---|---|---|
| 10ാം ക്ലാസ് തുല്യത | 11 | 20,350 (11 X 1,850) |
| ഹയർസെക്കന്ററി തുല്യത | 11 | 24,200 (11 X 2,200) |
| ഗുഡ് ഇംഗ്ലീഷ് | 73 | 1,75,000 (15x2000=30,000 + 58x2,500 = 1,45,000) |
| ആകെ | | 2,19,550 |

വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/18.03.23ന് മറുപടി നൽകിയിട്ടില്ല. രജിസ്ട്രേഷൻ ഫീസ് കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതും രജിസ്ട്രേഷൻ നടത്തിയ എല്ലാ പഠിതാക്കളും പരീക്ഷ എഴുതി എന്ന് ഉറപ്പ് വരുത്തേണ്ടതും പഠിതാക്കളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

## 1-23 രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് - സർക്കാർ മാർഗ്ഗനിർദേശങ്ങൾ പാലിച്ചില്ല.

നിർവ്വഹണം : ഹെഡ്മിസ്ട്രസ്
ചെലവഴിച്ച തുക : ₹44,000/- (തനത് ഫണ്ട്)

വൗച്ചർ നമ്പർ : 2101039/31.03.22
ഇൻവോയ്സ് നമ്പർ : 49/24.03.22

ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് എന്ന പദ്ധതി പ്രകാരം (പ്രോജക്ട് നമ്പർ 210/22) ഗ്രാമ പഞ്ചായത്തിലെ 10 ക്ലബ്ബുകൾക്ക് തനത് ഫണ്ടിൽ നിന്നും 44,000/- രൂപ ചെലവഴിച്ച് BGST കുറ്റിപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും സ്പോർട്സ് കിറ്റ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചില അപാകതകൾ കണ്ടു.
1. സ.ഉ.(കൈ) നം 22/18/ത.സ്വ.ഭ.വ, തീയതി.14.2.2018 ഖണ്ഡിക നമ്പർ 7.6.13 പ്രകാരം രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് ആണ് സ്പോർട്സ് കിറ്റിന് അർഹതയുള്ളത്. എന്നാൽ താഴെ പറയുന്ന ക്ലബ്ബുകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. വിശദ വിവരം ചുവടെ

| ക്രമ നമ്പർ | ക്ലബ്ബുകൾ | നൽകിയ കിറ്റ് | വില (₹) |
|---|---|---|---|
| 1 | യൂത്ത് ഫുൾ ചാരിറ്റബിൾ സൊസൈറ്റി പിടവന്നൂർ | 1 | 4,100 |
| 2 | യുവചേതന നരണിപ്പുഴ | 1 | 4,100 |
| 3 | നവരശ്മി മുക്കതല | 1 | 4,100 |
| 4 | കൈരളി പള്ളിക്കര | 1 | 4,100 |
| 5 | സിൽവർസ്റ്റാർ നന്നംമുക്ക് | 1 | 4,100 |
| 6 | ജ്വാല സാംസ്കാരിക നിലയം മൂച്ചിക്കൽ | 1 | 4,100 |
| 7 | നവധാര മുക്കതല | 1 | 4,100 |
| | | ആകെ | 28,700 |

2. സ.ഉ.(കൈ) നം 22/18/ത.സ്വ.ഭ.വ, തീയതി.14.2.2018 ഖണ്ഡിക നമ്പർ 7.6.13 പ്രകാരമുള്ള സ്പോർട്സ് കിറ്റ് വിതരണത്തിനായി എല്ലാ ക്ലബ്ബുകളിൽ നിന്നും അപേക്ഷ സ്വീകരിക്കണമെന്ന നിർദേശം പാലിച്ചിട്ടില്ല.

3. സ.ഉ.(കൈ) നം 22/18/ത.സ്വ.ഭ.വ, തീയതി.14.2.2018 ഖണ്ഡിക നമ്പർ 7.6.13 ൽ നിർദേശിച്ച പ്രകാരമുള്ള സ്പോർട്സ് കിറ്റുമായി ബന്ധപ്പെട്ട വാങ്ങേണ്ട ഇനങ്ങൾ യുവജന ക്ലബ്ബുകളുടെ ഏകോപന സമിതിയാണ് നിശ്ചയിക്കേണ്ടത് എന്ന നിർദേശം പാലിച്ചിട്ടില്ല.ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14/18.3.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ക്ലബ്ബുകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതും സ്പോർട്സ് കിറ്റ് വിതരണം നടത്തുമ്പോൾ സർക്കാർ ഉത്തരവുകൾ കർശനമായും പാലിക്കേണ്ടതുമാണ്.

## 1-24 സ്കൂളുകളിലേക്ക് ഓഫീസ് ഫർണ്ണിച്ചർ- സർക്കാർ മാർഗ്ഗനിർദേശങ്ങൾ പാലിച്ചില്ല.

നിർവ്വഹണം : ഹെഡ്മിസ്ട്രസ്

ചെലവഴിച്ച തുക : ₹2,39,000 (MG Non Road)

ബിൽ നമ്പർ : 257/16.02.2022

ഗ്രാമ പഞ്ചായത്തിൽ സ്കൂളുകളിലേക്ക് ഓഫീസ് ഫർണ്ണിച്ചർ എന്ന പദ്ധതി പ്രകാരം (പ്രോജക്ട് നമ്പർ 32/22) ARTCO യിൽ നിന്നും (ഇൻവോയ്സ് നമ്പർ 425/01.02.22) മേശ, കസേര, അലമാര എന്നിവ വാങ്ങി 11 സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ജി.ഒ(എം.എസ്)11/2018 തസ്വഭവ. തീയതി, 29.01-2018 ൽ എല്ലാ സർക്കാർ സ്കൂളുകളിലും യൂറിനലും, ടോയ്ലെറ്റുകളും വാഷ്ബേസിനുകളും അവയിൽ ജലലഭ്യതയും ഉറപ്പുവരുത്തിയ ശേഷം എയ്ഡഡ് സ്കൂളുകൾക്ക് ടോയ്ലറ്റ് സൗകര്യം ഉറപ്പ് വരുത്തുന്നതിനുമാത്രമാണ് അനുമതിയുള്ളത്. എന്നാൽ ഗ്രാമ പഞ്ചായത്ത് താഴെ പറയുന്ന എയ്ഡഡ് സ്കൂളുകൾക്ക് സർക്കാർ ഉത്തരവിനു വിരുദ്ധമായി ഓഫീസ് ഫർണ്ണിച്ചർ നൽകിയിട്ടുണ്ട് വിശദ വിവരം ചുവടെ

| സ്കൂൾ | നൽകിയ ഫർണ്ണിച്ചർ | വില (₹) |
|---|---|---|
| SSMUPS വടക്കുംമുറി | മേശ, കസേര, അലമാര | 21,484 |
| MTSUPS നന്നംമുക്ക് | മേശ, കസേര, അലമാര | 21,484 |
| AMLPS കാഞ്ഞിയൂർ | മേശ, കസേര, അലമാര | 21,484 |
| AMLPS കല്ലൂർമ | മേശ, കസേര, അലമാര | 21,484 |
| AMLPS നന്നംമുക്ക് | മേശ, കസേര, അലമാര | 21,484 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15/18.3.23 ന് മറുപടി നൽകിയിട്ടില്ല. സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യം ഉറപ്പുവരുത്താതെ എയ്ഡഡ് സ്കൂളുകൾക്ക് സർക്കാർ ഉത്തരവിനു വിരുദ്ധമായി ഓഫീസ് ഫർണ്ണിച്ചർ നൽകിയത് ക്രമ പ്രകാരമല്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 വയോജനങ്ങൾക്ക് കട്ടിൽ വിതരണം - സർക്കാർ മാർഗ്ഗനിർദേശങ്ങൾ പാലിച്ചില്ല.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വയോജനങ്ങൾക്ക് കട്ടിൽ (28/22) (ജനറൽ) എന്ന പദ്ധതിക്കായി ARTCO യിൽ നിന്നും ക്വട്ടേഷനില്ലാതെ കട്ടിൽ 1ന് 4350.5 രൂപ നിരക്കിൽ 200 കട്ടിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ

| ബിൽ നമ്പർ | ചെലവഴിച്ച തുക (₹) | ഇൻവോയ്സ് നമ്പർ |
|---|---|---|
| 234/29.01.22 | 8,70,000 | 322/4.1.22 |
| ആകെ | 8,70,000 | |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു,

1. ഈ പദ്ധതിക്കായി ടെണ്ടർ ക്ഷണിക്കാതെയാണ് ARTCO തെരഞ്ഞെടുത്തിട്ടുള്ളത്. എന്നാൽ ജി.ഒ (ആർ.ടി) നമ്പർ 20/2020 /SPD,തിയതി 23.10.20 ഉത്തരവ് പ്രകാരം സർക്കാർ സ്ഥാപനങ്ങൾ ടെണ്ടർ ക്ഷണിക്കാതെ ARTCOയിൽ നിന്നും ഉപകരണങ്ങൾ വാങ്ങുമ്പോൾ ARTCO മാനേജരിൽ നിന്നും പ്രസ്തുത ഉപകരണങ്ങൾ ARTCO യിൽ സ്വയം നിർമ്മിച്ചതാണ് എന്ന സാക്ഷ്യപത്രം വാങ്ങേണ്ടതാണ് എന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഈ നിർദേശം പാലിച്ചിട്ടില്ല.

2. ജി.ഒ (ആർ.ടി) നമ്പർ 20/2020/SPD,തിയതി 23.10.20 ഉത്തരവ് ഖണ്ഡിക 4 പ്രകാരം സർക്കാർ സ്ഥാപനങ്ങൾ ടെണ്ടർ

ക്ഷണിക്കാതെ ARTCO യിൽനിന്നും ഉപകരണങ്ങൾ വാങ്ങുമ്പോൾ ARTCO സ്വയം നിർമ്മിച്ച വസ്തുക്കൾ മാത്രമാണ് ക്വട്ടേഷൻ കൂടാതെ വാങ്ങുന്നതിന് അനുവാദമുള്ളത്. എന്നാൽ ഗ്രാമ പഞ്ചായത്ത് വാങ്ങിയ Hard Wood Cot 198 X90 X60 X 50 ARTCO സ്വയം നിർമ്മിച്ച അവരുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടവയല്ല.

3. സ.ഉ.(കൈ) നം. 22/18/ത.സ്വ.ഭ.വ, തീയതി. 14.02.2018 പ്രകാരം 60 വയസ്സിന് മുകളിൽ ഉള്ളവർക്കാണ് കട്ടിൽ വിതരണം ചെയ്യേണ്ടത് എന്നാൽ ഗുണഭോക്താക്കൾ അപേക്ഷയോടൊപ്പം വയസ്സ് തെളിയിക്കുന്ന യാതൊരു രേഖയും ഹാജരാക്കിയിട്ടില്ല.

4. സ.ഉ.(കൈ) നം. 22/18/ത.സ്വ.ഭ.വ, തീയതി. 14.02.2018 പ്രകാരം വ്യക്തിഗത ആനുകൂല്യങ്ങൾക്ക് വരുമാന പരിധി രണ്ട് ലക്ഷം രൂപയാണ്. എന്നാൽ APL വിഭാഗത്തിൽ ഉൾപ്പെടുന്ന കട്ടിൽ കൈപ്പറ്റിയ ഗുണഭോക്താക്കൾ അപേക്ഷയോടൊപ്പം വരുമാനം തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/20.03.23ന് മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക 8,70,000/- രൂപ തടസ്സം ചെയ്യുന്നു.

## 1-26 പോഷകാഹാര വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാരം [17/22] എന്ന പദ്ധതിക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്

| ഫണ്ട് | ചെലവഴിച്ച തുക (₹) |
|---|---|
| വികസന ഫണ്ട് | 32,50,000 |
| കേന്ദ്രാവിഷ്കൃതം | 11,50,000 |
| തനത് ഫണ്ട് | 1,00,000 |
| ആകെ | 45,00,000 |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ജി.എസ്.ടി TDS ഈടാക്കിയില്ല

ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28-ാമത് ജി.എസ്.ടി കൗൺസിൽ തീരുമാനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ വാങ്ങുന്ന സാധനങ്ങളുടെ ബില്ലിൽ നികുതി കിഴിച്ചുള്ള തുകയുടെ 2 ശതമാനം TDS ഈടാക്കേണ്ടതാണ്. എന്നാൽ അനുപൂരക പോഷകാഹാര വിതരണം എന്ന പദ്ധതി പ്രകാരം മമത ന്യൂട്രീമിക്സ് എന്ന സ്ഥാപനത്തിൽ നിന്നും ന്യൂട്രീമിക്സ് വാങ്ങുന്നതിന് ചെലവഴിച്ച തുകയുടെ ബില്ലുകളിൽ ജി.എസ്.ടി TDS ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ/വൗച്ചർ നമ്പർ | സ്ഥാപനത്തിന്റെ പേര്. | ഇൻവോയിസ് നമ്പർ / തിയ്യതി | ജി.എസ്.ടി ബാധകമായ തുക (₹) |
|---|---|---|---|
| 1/28.6.21 | മമത ന്യൂട്രീമിക്സ് | 5/28.05.21 | 1,40,700 |
| | | 59/22.02.21 | 1,42,100 |
| | | 64/23.04.21 | 1,40,385 |
| 22100195/ 08.07.21 | മമത ന്യൂട്രീമിക്സ് | 11/26.10.21 | 2,54,467 |
| | | 53/23.11.20 | 2,19,730 |
| | | 55/21.12.20 | 1,85,150 |
| | | 57/13.01.21 | 1,64,325 |
| | | 62/26.03.21 | 1,20,330 |
| 4/09.08.21 | മമത ന്യൂട്രീമിക്സ് | 23/26.07.21 | 1,58,550 |
| | | 12/24.06.21 | 1,66,600 |
| 7/06.10.21 | മമത ന്യൂട്രീമിക്സ് | 29/27.08.21 | 1,75,665 |

| | | | |
|---|---|---|---|
| 9/26.11.21 | മമത ന്യൂട്രീമിക്സ് | 39/26.09.21 | 1,19,010 |
| 22100593 /01.12.21 | മമത ന്യൂട്രീമിക്സ് | 45/29.10.21 (Part) | 1,52,055 |
| 22100594 /01.12.21 | മമത ന്യൂട്രീമിക്സ് | 45/29.10.21 (Part) | 75,625 |
| | | ആകെ | 22,14,692 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17/18.3.23 ന് മറുപടി നൽകിയിട്ടില്ല. വരും വർഷങ്ങളിൽ ബില്ലിൽ നികുതി കിഴിച്ചുള്ള തുകയുടെ 2 ശതമാനം ജി.എസ്.ടി TDS ഈടാക്കേണ്ടതാണ്.

2). ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന സ്ഥാപനത്തെ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ ന്യൂട്രിമിക്സ് വിതരണം ചെയ്ത മമത ന്യൂട്രീമിക്സ് എന്ന സ്ഥാപനത്തെ പഞ്ചായത്തിലെ വിതരണത്തിനുള്ള ഏജൻസിയായി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല. ഈ സ്ഥാപനങ്ങളുമായി ന്യൂട്രിമിക്സ് വിതരണത്തിന് പഞ്ചായത്ത് /നിർവ്വഹണോദ്യോഗസ്ഥൻ കരാർ ചമച്ചതിന്റെ രേഖകൾ ലഭ്യമല്ല.

3). ഭക്ഷണ സാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല.

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 18.12.2010 തീയതിയിലെ ഐ.സി.ഡി.എസ് ബി3-312/10 നമ്പർ കത്ത് പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ടുകളുടെ സാമ്പിളുകൾ പരിശോധന നടത്താനും നിർദ്ദേശിച്ചിരുന്നു. എന്നാൽ വിതരണം ചെയ്ത ഭക്ഷണ സാധനത്തിന്റെ ഗുണ നിലവാര പരിശോധന നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4) സ്റ്റോക്ക് രജിസ്റ്ററുകൾ ഇൻവോയ്സുമായി പൊരുത്തപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്തിൽ ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്ത സ്ഥാപനങ്ങൾ സമർപ്പിച്ച ഇൻവോയ്സും അംഗനവാടി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചുവടെ

| ക്രമ നം | ഭക്ഷ്യ വസ്തു/വിതരണം ചെയ്ത സ്ഥാപനം | ഇൻവോയിസ് നമ്പർ / തിയ്യതി | ഇൻവോയിസ് പ്രകാരം | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം |
|---|---|---|---|---|
| 1 | വെളിച്ചെണ്ണ, മാവേലി സ്റ്റോർ | 20865/31.10.20 | 60 KG | 70 KG |
| 2 | ശർക്കര, മാവേലി സ്റ്റോർ | 20870/31.10.20 | 155 KG | 154.5 KG |
| 3 | കടല, മാവേലി സ്റ്റോർ | 20870/31.10.20 | 155 KG | 154.5 KG |
| 4 | മൾട്ടിപ്പർപ്പസ് കോ. സൊസൈറ്റി | 3/4.11.20 | 94 KG | 196 KG |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17/18.03.23 ന് മറുപടി നൽകിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കേണ്ടതും മറ്റ് അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 1-27 റിംഗ് കമ്പോസ്റ്റ് നൽകൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി അടുക്കള മാലിന്യം വീട്ടുവളപ്പിൽ സംസ്കരിക്കുന്നതിനായി റിംഗ് കമ്പോസ്റ്റ് നൽകൽ പദ്ധതിക്കായി ടെണ്ടർ നടപടിയിലൂടെ 1 റിംഗ് കമ്പോസ്റ്റിന് ₹2,479/- നിരക്കിൽ റെയ്ഡ്കോ കേരളാ ലിമിറ്റഡ് എന്ന സ്ഥാപനം മുഖേന 250 റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്യുന്ന പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ നടത്തിപ്പിന് റെയ്ഡ്കോ കേരളാ ലിമിറ്റഡുമായി 14.02.2022ൽ ധാരണാപത്രം ഒപ്പ് വെച്ചിട്ടുണ്ട്.

പ്രോജക്ട് : റിംഗ് കമ്പോസ്റ്റ് നൽകൽ (162/22)

അടങ്കൽ : 11,15,000/- രൂപ

ഈ പദ്ധതിക്കായി ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം റെയ്ഡ്കോ കേരളാ ലിമിറ്റഡിന് തുക നൽകിയിട്ടുണ്ട്.

| ചെലവഴിച്ച തുക (₹) | ബിൽ നമ്പർ |
|---|---|
| 3,09,875/- (CFC Tied) | 279/28.2.2022 |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. തുക നൽകി നാളിതുവരെയായിട്ടും റെയ്ഡ്കോ റിംഗ് കമ്പോസ്റ്റ് ഗുണഭോക്താക്കൾക്ക് ഇൻസ്റ്റാൾ ചെയ്തു നൽകിയിട്ടില്ല.

2. റെയ്ഡ്കോ കേരളാ ലിമിറ്റഡുമായി ഒപ്പ് വെച്ച കരാർ വ്യവസ്ഥ 5 പ്രകാരം 100 യൂണിറ്റുകളുടെ വിതരണം പൂർത്തീകരിച്ച് റെയ്ഡ്കോ ആയതിന്റെ ഇൻവോയ്സ് നൽകുന്ന മുറയ്ക്കാണ് തുക നൽകേണ്ടത്. എന്നാൽ ഗ്രാമ പഞ്ചായത്ത് അഡ്വാൻസായി 50% തുക നൽകിയിട്ടുണ്ട്.

3. കരാർ വ്യവസ്ഥ 3 പ്രകാരം റിംഗ് കമ്പോസ്റ്റ് ഉപയോഗം സംബന്ധിച്ച് ഗുണഭോക്താക്കൾക്ക് റെയ്ഡ്കോ വിശദമായ പരിശീലന ക്ലാസ് നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നുവെങ്കിലും ഈ കരാർ വ്യവസ്ഥ പാലിച്ചിട്ടില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/20.03.23 ന് നൽകിയ മറുപടിയിൽ 2022-23 വർഷത്തിൽ റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്തിട്ടുണ്ടെന്നും അറിവില്ലായ്മ മൂലമാണ് 50% തുക അഡ്വാൻസായി നൽകിയത് എന്നും അറിയിച്ചു. റിംഗ് കമ്പോസ്റ്റ് ഗുണഭോക്താക്കൾക്ക് ഇൻസ്റ്റാൾ ചെയ്തു നൽകിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 3,09,875/- രൂപ തടസ്സം ചെയ്യുന്നു.

## 1-28 ലൈഫ് - ഭവന പദ്ധതി-ധനസഹായം കൈപ്പറ്റി വീടുനിർമ്മാണം ആരംഭിച്ചില്ല.

നന്നംമുക്ക് ഗ്രാമ പഞ്ചായത്ത് വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായ ലൈഫ് - ഭവന പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താവിന് ഭവന നിർമ്മാണത്തിന് ധന സഹായം നൽകിയിട്ടുണ്ട്. എന്നാൽ സ്റ്റേജ് റിപ്പോർട്ട് പ്രകാരം നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. വിശദ വിവരം ചുവടെ

| ഗുണഭോക്താവ് | കരാർ വെച്ച തിയതി | നൽകിയ തുക (₹) |
|---|---|---|
| ശ്രീമതി.മൈമൂന വാർഡ്- 1 | 19.06.2018 | 40,000 |
| | ആകെ | 40,000 |

സർക്കാർ ഉത്തരവ് (കൈ) 34/2018/ത.സ്വ.ഭ.വ, 28.09.2016 ലൈഫ് മിഷൻ കരാർ പത്രിക ക്രമ നമ്പർ 4 പ്രകാരം കരാർ ചമച്ച് 6 മാസത്തിനകം നിർമ്മാണം പൂർത്തീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ധനസഹായം കൈപ്പറ്റി നിർമ്മാണം പൂർത്തിയാക്കാതെ അവശേഷിക്കുന്നവ പൂർത്തീകരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രൊജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്ന് സ.ഉ (എം.എസ്) 22/2018/തസ്വഭവ തീ. 14.02.2018 സബ്സിഡി മാർഗ്ഗരേഖയിലൂടെ നിർദ്ദേശവും പുറപ്പെടുവിച്ചിരുന്നു. പൂർത്തീകരിക്കുന്നതിനുള്ള പരമാവധി തുക, വിവിധ ഘട്ടങ്ങൾ എന്നിവ സംബന്ധിച്ചുള്ള മാർഗ്ഗരേഖകൾ പിന്നീട് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ലൈഫ് മിഷന്റെ നം. എൽ.എഫ്.2/511/2017, തീ. 25.04.2018 പ്രകാരവും വ്യക്തമായ മാർഗ്ഗനിർദ്ദേശം ലഭിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) നമ്പർ 34/2018/ത.സ്വ.ഭ.വ തിയതി 16.3.2018 ഭവനനിർമ്മാണത്തിനായി കരാർ ചമച്ച ഗുണഭോക്താക്കൾ കരാർ വ്യവസ്ഥ ലംഘിച്ചാൽ 12% പലിശ സഹിതം തുക തിരികെ ഈടാക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. നാളിതുവരെ ഭവന നിർമ്മാണം ആരംഭിക്കാതിരുന്നതിന്റെ കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ. 20/20.03.23) മറുപടി നൽകിയിട്ടില്ല. വീടുനിർമ്മാണം ആരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം തുക 12% പലിശ സഹിതം തിരികെ ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-29 GLPS വടക്കുംമുറി ടോയ്ലറ്റ് നിർമ്മാണം - ഗുണനിലവാരമില്ലാത്ത പ്രവൃത്തി - 2,29,391/- രൂപ തടസ്സം ചെയ്യുന്നു.

പ്രോജക്ട് : S0159/22

ഫണ്ട് : ശുചിത്വമിഷൻ ഗ്രാന്റ്

വൗച്ചർ : 22100972/23.03.22, ₹2,29,391/-

എം. ബുക്ക് : 156/21-22

കരാർ : 36/05.10.22 (Estimate Rate)

മൂല്യനിർണ്ണയം : ₹2,29,391/-

കരാറുകാരൻ : വേണുഗോപാലൻ. പി

Cost Index : 31.06% (DSoR 2016)

സാങ്കേതിക അനുമതി : 224/05.05.21

എസ്റ്റിമേറ്റ് നമ്പർ : 2021/18291

അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രവൃത്തി 17.03.23 ന് ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഇനം 18 പ്രകാരം European Closet സ്ഥാപിച്ചതിന് DAR Code 17.02.02 പ്രകാരം 4,450/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ ഫ്ലഷ് ടാങ്ക് പ്രവർത്തന ക്ഷമമല്ലെന്ന് സ്കൂൾ അധികൃതർ അറിയിച്ചു. പരിശോധനയിൽ ഫ്ലഷ് ടാങ്ക് പ്രവർത്തിക്കുന്നില്ലെന്ന്

ബോധ്യപ്പെട്ടു.

2. ഇനം 20 പ്രകാരം 4 Urinal Basin സ്ഥാപിച്ചതിന് 13,249/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ 2 എണ്ണം കേടുവന്നിട്ടുണ്ട്. ഇക്കാരണത്താൽ മുഴുവൻ സമയവും ടാങ്കിലെ വെള്ളം ഇതിലൂടെ ലീക്കായികൊണ്ടിരിക്കുന്നു. പ്രവൃത്തി നടത്തിയതിന് ശേഷം ഉണ്ടായ ഈ അപാകത കാരണം സ്കൂളിലെ വെള്ളം പാഴായി പോവുന്നതായി സ്കൂൾ അധികൃതർ അറിയിച്ചു. 2 Urinal ബേസിന്റെ മുകളിലുള്ള ടാപ്പ് കേടുവന്നതിനാൽ സ്കൂൾ അധികൃതർ മറ്റൊരു പ്ലംബറെ വച്ച് മാറ്റിയതായി അറിയിച്ചു. ഇക്കാര്യം പരിശോധനയിൽ ബോധ്യപ്പെട്ടു.

3. PVC പൈപ്പ് ജോയിന്റ് ചെയ്ത മിക്ക സ്ഥലങ്ങളിലും ലീക്ക് വന്നത് കാരണം മറ്റൊരു പ്ലംബറെ വിളിച്ച് വീണ്ടും പ്രവൃത്തി നടത്തിയതായി സ്കൂൾ അധികൃതർ അറിയിച്ചു. കെട്ടിടത്തിൽ ലീക്ക് ഒഴിവാക്കാനായി റിപ്പയറിംഗ് വർക്ക് നടന്നിട്ടുണ്ടെന്ന് ബോധ്യപ്പെട്ടു.

4. കെട്ടിടത്തിന് മുകളിൽ സ്ലോപ്പ് കൊടുക്കാത്തതിനാൽ വെള്ളം കെട്ടി കിടക്കുന്ന അവസ്ഥയുണ്ടെന്ന് സ്കൂൾ അധികൃതർ അറിയിച്ചു

5. Stainless Steel Soap Dish (1 Nos) പ്രവൃത്തിയിൽ സ്ഥാപിച്ചിട്ടില്ല. (DAR Code 50.17.1.1)

6. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്കും പ്ലംബിംഗ് പ്രവൃത്തികൾക്കും വേണ്ടി 10,000/- (4,000+6,000) LS പ്രൊവിഷൻ വച്ച് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട ബിൽ/വൗച്ചറുകൾ ഫയലിൽ ഇല്ല. പ്ലംബിംഗ് പ്രവൃത്തികൾ ഗുണനിലവാരമില്ലാതെ ചെയ്തതിനാൽ കെട്ടിടത്തിന് മേൽ വീണ്ടും റിപ്പയറിംഗ് വർക്കുകൾ നടത്തേണ്ടി വന്നു .

05.01.22 ന് പൂർത്തിയായ മേൽ പ്രവൃത്തി തീർത്തും ഗുണനിലവാരമില്ലാതെയാണ് ചെയ്തിട്ടുള്ളതെന്ന് സ്ഥല പരിശോധനയിൽ നിന്നും ബോധ്യപ്പെട്ടു.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/18.03.23) അപാകതകൾ പരിഹരിക്കുന്നതിന് കരാറുകാരന് നിർദേശം നൽകിയിരുന്നതാണെന്നും ഒരു പ്രാവശ്യം പ്ലംബിംഗ് മെയിന്റനൻസ് നടത്തിയിരുന്നുവെന്നും സ്ഥാപിക്കാത്ത ഇനത്തിന്റെ തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണെന്നും മറുപടി നൽകി. മേൽ അപാകതകൾ പരിഹരിക്കുന്നത് വരെ പ്രവൃത്തിക്ക് അനുവദിച്ച മുഴുവൻ തുകയും തടസ്സം ചെയ്യുന്നു. പ്രവൃത്തി ചെയ്ത കരാറുകാരനെ കൊണ്ട് കെട്ടിടത്തിൻമേലുണ്ടായ അപാകതകൾ പരിഹരിച്ച് (സ്കൂൾ ഹെഡ്മാസ്റ്ററുടെ റിപ്പോർട്ട് സഹിതം) ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളിൽമേൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് കാര്യമായി നടക്കുന്നില്ല എന്ന് മേൽ പ്രവൃത്തിയിൽ നിന്നും വ്യക്തമാണ്. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-30 റോഡ് കോൺക്രീറ്റിങ് - അധിക നിരക്ക് നൽകി - കരാറുകാരന് അധികം നൽകിയത് 11,900/- രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ റോഡ് കോൺക്രീറ്റ് പ്രവൃത്തികളുടെ ഭാഗമായി റോഡ് കോൺക്രീറ്റ് ചെയ്തതിന് MoRD സ്പെസിഫിക്കേഷൻ കോഡ് 11.4.3.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഈ ഡാറ്റയിൽ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തികളുള്ള നിരക്കും ഉൾപ്പെടുന്നുണ്ട്.

എന്നാൽ ചുവടെ കാണിച്ച പ്രവൃത്തിയിൽ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തി ചെയ്തിട്ടില്ല എന്ന് 17.03.2023 തീയ്യതിയിൽ ഗ്രാമ പഞ്ചായത്ത് അസി. എഞ്ചിനീയറുടെ സാന്നിധ്യത്തിൽ പ്രവൃത്തി നേരിൽ പരിശോധിച്ചപ്പോൾ വ്യക്തമായി. ഇക്കാര്യം സ്ഥല പരിശോധന റിപ്പോർട്ടിൽ അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | സിമന്റ് കോൺക്രീറ്റ് അളവ് | നൽകിയ തുക (₹) | നൽകാവുന്ന തുക (₹) | അധികം (₹) (12%GST അടക്കം) |
|---|---|---|---|---|
| ചേലക്കടവ് നിലമ്പതി ബൈപ്പാസ് റോഡ് കോൺക്രീറ്റിംഗ്(154/22)<br>വൗച്ചർ : 22100973/17.03.2022<br>തുക : ₹2,59,539/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>മൂല്യനിർണ്ണയം : ₹3,25,879/-<br>കരാർ : 48/05.04.2021<br>അളവ് പുസ്തകം : 119/21-22<br>കോൺട്രാക്ടർ:ശ്രീ.വി.പി.ഗോപിനാഥൻ<br>കോസ്റ്റ് ഇൻഡക്സ് : 31.06%<br>സാങ്കേതികാനുമതി : 83075/2020-21<br>എസ്റ്റിമേറ്റ് നമ്പർ : 2020/125705 | 36.59$m^3$ | 2,76,251.93<br>@7,549.93/$m^3$ | 2,65,626.93<br>@7,259.55/$m^3$ | 11,900<br>(10,625+1,275)<br>(12%GST) |

ഈ ഇനത്തിൽ അധികം നൽകിയ തുകക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/20.03.23) നഷ്ട തുക ഈടാക്കി അടവാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുക അടവാക്കിയിട്ടില്ലാത്തതിനാൽ, പ്രവൃത്തിയിലുണ്ടായ നഷ്ടം പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി. എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസി. എക്സി. എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-31 പഞ്ചായത്ത് അനുമതി ഇല്ലാതെ സ്കൂളുകൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നത്, പ്രവർത്തിക്കുന്നത് -ക്രമവിരുദ്ധം

പഞ്ചായത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി വിവിധ സ്കൂളുകൾ സമർപ്പിച്ച അപേക്ഷകൾ, അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ചതിൽ പ്രസ്തുത സ്കൂൾ കെട്ടിടങ്ങൾ മുഴവൻ പഞ്ചായത്തിൽ നമ്പർ നൽകി അധികൃതമാക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമായി.

വിശദ വിവരം താഴെ നൽകുന്നു.

| സ്കൂൾ | കെട്ടിട നമ്പർ | സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം വിസ്തീർണ്ണം | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരം വിസ്തീർണ്ണം |
|---|---|---|---|
| GLPS വടക്കുമ്മുറി, നന്നംമുക്ക് | 15/249A | 84.97M$^2$ | 299.37 M$^2$ |
| GLPS കല്ലൂർമ്മ, നന്നംമുക്ക് | 10/410 | 170M$^2$ | ഫിറ്റ്നസ്സ് എടുത്തിട്ടില്ല |
| GSALPS , നന്നംമുക്ക് | 9/382 | 60M2 | 654.16 M2 |
| മാർത്തോമ സിറിയൻ UPS, നന്നംമുക്ക് | 8/307 | 150 M$^2$ | ഫിറ്റ്നസ്സ് എടുത്തിട്ടില്ല |
| GMLPS, പള്ളിക്കര | 6/434 | 20M$^2$ | ഫിറ്റ്നസ്സ് എടുത്തിട്ടില്ല |
| GLPS മൂക്കുതല | 2/332 | 164.78M$^2$ | 2754 M$^2$ |
| AMLPS, മൂക്കുതല | 4/108 | 80 M$^2$ | ഫിറ്റ്നസ്സ് എടുത്തിട്ടില്ല |
| DAVIS English Medium സ്കൂൾ, പിടാവനൂർ | | സഞ്ചയയിൽ വന്നിട്ടില്ല. | 1522.20 M2 |
| AMLPS, കല്ലൂർമ്മ | | സഞ്ചയയിൽ വന്നിട്ടില്ല. | 2593.76 M2 |
| AMLPS, നന്നംമുക്ക് സൗത്ത് | | സഞ്ചയയിൽ വന്നിട്ടില്ല. | 1240.68 M2 |
| AMLPS, കാഞ്ഞിയൂർ | | സഞ്ചയയിൽ വന്നിട്ടില്ല. | 1715.92 M2 |
| GMLPS വടക്കുംമ്മുറി | | സഞ്ചയയിൽ വന്നിട്ടില്ല. | 1461.98 M2 |

പഞ്ചായത്തിലെ ഏതാനും സ്കൂളുകളുടെ ഫിറ്റ്നസ് അപേക്ഷ അടിസ്ഥാനമാക്കി നടത്തിയ പരിശോധനയിലാണ് സ്കൂളുകളിൽ അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമായത്. സ്കൂളുകളുടെ കെട്ടിട നമ്പർ സംബന്ധിച്ച വ്യക്തമായ വിവരം ലഭിക്കാത്തതിനാൽ മുഴവൻ സ്കൂളുകളുടെയും കെട്ടിടങ്ങൾ പഞ്ചായത്തിൽ നിന്ന് നമ്പർ നേടി അധികൃതമാക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല. ഏതാനും സ്കൂളുകൾ ഫിറ്റ്നസ്സ് എടുക്കാതെയും പ്രവർത്തിക്കുണ്ട്.

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/18.03.23) ഫിറ്റ്നസ്സ് സംബന്ധിച്ച അപേക്ഷകൾ ഏതാനും സ്കൂളുകൾ തന്നിട്ടില്ലെന്ന് വ്യക്തമാക്കി. മറ്റ് വ്യത്യാസങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതും സ്കൂളുകളിൽ അനധികൃത നിർമ്മാണങ്ങൾ നടത്തുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-32 ഇ-ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല

2021-22 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ ഏതാനം പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത കരാറുകാരെ ഏൽപിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നതായി കാണുന്നില്ല. GO(MS)3186/2017/LSGD തി. 02.10.17 ഉത്തരവ് പ്രകാരം ഇ-ടെണ്ടർ ആവശ്യത്തിനായി SBI യിൽ അക്കൗണ്ട് തുടങ്ങാൻ നിർദേശിച്ചിട്ടുണ്ട്. മേൽ നിർദേശം പാലിക്കുകയോ, ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ നാളിതുവരെ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വർഷം തിരിച്ച വിവരം കണക്കാക്കി അത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/18.03.23) മറുപടിയായി ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കാനുള്ള തുകക്ക് സെക്രട്ടറിയുടെ ബാങ്ക് അക്കൗണ്ട് എക്സി. എഞ്ചിനീയർക്ക് നൽകിയിരുന്നു എന്ന മറുപടിയാണ് നൽകിയത്. എന്നാൽ ടെണ്ടർ ഫീ ഇനത്തിൽ നാളിതുവരെ പഞ്ചായത്തിന് ലഭിക്കാനുള്ള തുക ലഭ്യമായതായി കാണുന്നില്ല.

(ലഭ്യമാക്കിയത് 16.03.2023 ൽ ഓപ്പൺ ചെയ്ത SBI അക്കൗണ്ട് മാത്രമാണ്. ഈ മാസത്തിൽ ട്രാൻസാക്ഷൻ ഇല്ല)

ടെണ്ടർ ഫീ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-33 ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല- തുക തിരിച്ച് ഈടാക്കാത്തത് സംബന്ധിച്ച്

നന്നംമുക്ക് ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷത്തെ വാർഷിക കണക്ക് (Schedule B7) പ്രകാരം താഴെ പറയും പ്രകാരം തുകകൾ മുൻവർഷങ്ങളിൽ മറ്റ് സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്തത് നാളിത് വരെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാതെ കിടക്കുന്നതായി കാണുന്നു. പ്രസ്തുത ഡെപ്പോസിറ്റ് തുകകളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കുന്നതിനും പ്രവൃത്തികൾ നാളിത് വരെ പൂർത്തീകരിച്ചിട്ടില്ലെങ്കിൽ തുക തിരിച്ച് ഈടാക്കാൻ നടപടികൾ സ്വീകരച്ചിട്ടുണ്ടെങ്കിൽ അറിയിക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/20.3.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

| ശീർഷകം | തുക (₹) | റിമാർക്സ് |
|---|---|---|
| 460500201 | 6,90,744 | KWA |
| 460500202 | 39,80,520 | KSEB |

ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ മേൽ ഡെപ്പോസിറ്റ് തുകകളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏതെല്ലാമാണെന്ന അറിയിക്കേണ്ടതും പ്രവൃത്തികൾ നാളിത് വരെ പൂർത്തീകരിച്ചിട്ടില്ലെങ്കിൽ തുക തിരിച്ച് ഈടാക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-34 റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്റ്റിനൊപ്പവും റോഡ് കണക്റ്റിവിറ്റി മാപ്പിൽ പ്രൊജക്റ്റിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖയിൽ (GO(MS)11/2018/LSGD Dtd. 29.01.2018) പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ പ്രവൃത്തികളിൽ ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

കൂടാതെ ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും ഗ്രാമ പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്റ്റുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നതായി ഓഡിറ്റ് അന്വേഷണത്തിന് (11/18.03.23) മറുപടിയായി അറിയിച്ചു. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-35 ഫ്രണ്ട് ഓഫീസിൽ സ്ഥാപിച്ച ടച്ച് സ്ക്രീൻ സംവിധാനം തകരാറായത് - തുടർനടപടി വിവരം അറിയിക്കേണ്ടതാണ്

ഫയൽ നം. A4 -5388/22

ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്ഥാപിച്ച ടച്ച് സ്ക്രീൻ സംവിധാനം പ്രവർത്തനരഹിതമായത് സംബന്ധിച്ച് 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-19 ആയി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ടച്ച് സ്ക്രീൻ സ്ഥാപിച്ച SANSCORP India Pvt Ltd, കടലുണ്ടി, കോഴിക്കോട് എന്ന സ്ഥാപനം ടച്ച് സ്ക്രീനിന്റെ തുകയായ 1,49,250/- രൂപ 12% വാർഷിക പലിശ സഹിതവും, നഷ്ടപരിഹാര ഇനത്തിൽ 50.000/- രൂപയും ഇതിനുപുറമെ 10,000/- രൂപയും പഞ്ചായത്തിന് നൽകണമെന്ന് മലപ്പുറം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര സമിതി 13.07.2022 തീയ്യതിയിൽ C.C.No.102/2022 നമ്പറായി വിധിച്ചതിന്റെ പകർപ്പ് ഫയലിൽ ലഭ്യമാണ്. വിധിപ്പകർപ്പ് കൈപ്പറ്റി ഒരു മാസത്തിനുള്ളിൽ തുക അടവാക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഈ സ്ഥാപനം മേൽ തുകകൾ നാളിതുവരെ പഞ്ചായത്തിൽ അടവാക്കിയതായി

കാണുന്നില്ല. ഈ വിഷയത്തിന്മേൽ കൈക്കൊണ്ട തുടർനടപടികളുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 20.03.2023 തീയ്യതിയിലെ ഓഡിറ്റ് എൻക്വയറി നം. 18ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപനത്തിൽ നിന്നും തുക ഈടാക്കുന്നതിന് കൈക്കൊണ്ട തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-36 ഹരിതകർമ്മസേന-പ്രവർത്തന പുരോഗതി സംബന്ധിച്ച്.

സംസ്ഥാനത്തിന്റ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ചലനാത്മകത പകർന്ന് കൊണ്ട് നടപ്പിലാക്കി വരുന്ന നൂതന സംരംഭമാണ് ഹരിത കർമ്മസേന. ശുചിത്വ മാലിന്യ സംസ്കരണം, സുസ്ഥിര കൃഷിവികസനം, ജലവിഭവ സംരക്ഷണം, എന്നിവ ഉൾക്കൊള്ളുന്ന ഹരിത കേരള മിഷൻ, ദാരിദ്ര്യ നിർമ്മാർജ്ജനവും, സ്ത്രീശാക്തീകരണവും മുഖമുദ്രയാക്കി പ്രവർത്തിക്കുന്ന കുടുംബശ്രീ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, പൊല്യൂഷൻ കൺട്രോൾ ബോർഡ്, എന്നിവ സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്.

ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന ക്യാമ്പയിന്റെ ഭാഗമായാണ് ഹരിത കർമ്മസേന – തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. മാലിന്യ സംസ്കരണ രംഗത്ത് കേരളത്തിന്റെ വ്യക്തി മുദ്ര പതിപ്പിക്കുന്ന ഹരിത കർമ്മസേന യുടെ രൂപീകരണം സംബന്ധിച്ച് 15.07.2017 ലെ സ.ഉ (സാധാ) നം.2420/2017/ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/KSHO നമ്പർ ഉത്തരവിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗനിർദേശങ്ങൾ അടങ്ങിയ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനം 04.01.2017 ൽ ആണ് ആരംഭിച്ചത്. 17 വാർഡുകൾ ഉള്ള ഗ്രാമ പഞ്ചായത്തിൽ നിലവിൽ 26 അംഗങ്ങളാണ് ഹരിത കർമ്മസേനയിൽ ഉള്ളത്. നിലവിലെ അംഗങ്ങൾ തന്നെ മുഴുവൻ വാർഡിലേയും മാലിന്യ ശേഖരണം നടത്തുന്ന രീതിയാണ് നിലവിലുള്ളത്. നിലവിൽ ഒരു പ്രസിഡണ്ട്, സെക്രട്ടറി, എന്നിവരുടെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. വീട്ടുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നതിന് വീട് ഒന്നിന് 50/- രൂപയും, കടകൾക്ക് 100/- രൂപയും ഫീസ് ഈടാക്കി വരുന്നു. ആയത് പിരിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ രശീത് ബുക്കുകൾ ഉപയോഗിക്കുന്നു. ഇത് കൂടാതെ മാലിന്യങ്ങൾ തരം തിരിച്ച് ക്ലീൻ കേരള കമ്പനിക്ക് നൽകുമ്പോൾ ലഭിക്കുന്ന തുകയുമാണ് ഹരിത കർമ്മസേനയുടെ വരുമാനം.

പ്രാരംഭ ഘട്ടത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് തുക തികയാതെ വരുന്ന സന്ദർഭങ്ങളിൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിച്ചിരുന്നു. 2021-22 വർഷത്തിൽ VEO നിർവഹണ ഉദ്യോഗസ്ഥനായി പ്രൊജക്ട് 197/22 – ഹരിതകർമ്മസേന-വി.ജി.എഫ് എന്ന പദ്ധതി പ്രകാരം 24,768/- (തനത് ഫണ്ട് ബിൽ നമ്പർ 494/18.02.22) രൂപ ഗ്യാപ് ഫണ്ട് ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. നിലവിൽ ഗ്യാപ് ഫണ്ട് അനുവദിക്കുന്നില്ല എന്നും, ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക സ്വയം കണ്ടെത്തുന്നുണ്ട് എന്നും കൺസോർഷ്യം പ്രസിഡണ്ട് അറിയിച്ചു.

മാലിന്യങ്ങൾ വേർതിരിക്കുന്നതിനുള്ള എം.സി.എഫ് (മെറ്റീരിയൽ സംഭരണ കേന്ദ്രം) പ്രവർത്തനം നടക്കുന്നത് പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ അടുത്താണ്.

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഹരിത കർമ്മസേനയുടെ പേരിൽ 37441010008502 നമ്പരിൽ കനറാ ബാങ്ക് ചങ്ങരംകുളം ശാഖയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പാസ് ബുക്ക് പ്രകാരം 31.03.2022 ന് 64,408.55 രൂപ നീക്കിയിരിപ്പുണ്ട് എന്ന് അറിയിച്ചു. ഈ അക്കൗണ്ടിന്റെ പാസ്ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല..

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഹരിത കർമ്മസേന പ്രവർത്തന മാർഗ്ഗരേഖ 2.4 പ്രകാരം ഓരോ മാസത്തിലും എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങൾ നടത്തേണ്ടതാണ്. 2021-22 വർഷത്തെ മിനുട്സ് ബുക്ക് പരിശോധിച്ചതിൽ 2 യോഗങ്ങൾ ചേർന്നിട്ടുണ്ട്. നിലവിൽ നല്ല രീതിയിൽ പ്രവർത്തിച്ച് വരുന്ന ഹരിത കർമ്മ സേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. മാർഗ്ഗരേഖ 1.5 പ്രകാരം ഹരിത കർമ്മസേനയുടെ സാമ്പത്തിക സ്രോതസ്സ് എങ്ങിനെയായിരിക്കണം എന്ന് വിശദീകരിച്ചിട്ടുണ്ട്. നിലവിൽ യൂസർ ഫീയും, മാലിന്യങ്ങൾ ക്ലീൻ കേരളക്ക് വിൽക്കുമ്പോൾ ലഭിക്കുന്ന തുകയുമാണ് വരുമാനം. മാർഗ്ഗരേഖയിൽ പരാമർശിച്ച പ്രകാരമുള്ള വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഹരിത കർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്.

## 1-37 വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമല്ല

പദ്ധതി ആസൂത്രണത്തിനും ഓരോ വിഷയ മേഖലയ്ക്കും വേണ്ടി രൂപീകരിക്കുന്ന ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നദ്ധപ്രവർത്തകരും ഗുണഭോക്താക്കളും അടങ്ങുന്ന വിദഗ്ധ സമിതിയാണ് വർക്കിംഗ് ഗ്രൂപ്പ്. മുൻ വർഷ പ്രൊജക്ടുകളുടെ നിർവ്വഹണം വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കുക, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുക, സ്റ്റാറ്റസ് റിപ്പോർട്ടുകൾ പരിഷ്കരിക്കുക, ഓരോ പ്രൊജക്ടിന്റെയും അടങ്കൽ നിശ്ചയിക്കുക എന്നിവ മുതൽ ഡാറ്റ എൻട്രിക്ക് ശേഷം പ്രൊജക്ട് പ്രിന്റ് ഔട്ട് പരിശോധിക്കുന്നതു വരെയുള്ള പ്രധാന ചുമതലകൾ വർക്കിംഗ് ഗ്രൂപ്പിൽ നിക്ഷിപ്തമാണ്. പ്രോജക്ടുകളുടെ ആവശ്യകത, അനുയോജ്യത, സാധുത, പ്രായോഗികത, എന്നീ തലങ്ങൾ സൂക്ഷ്മ വിശകലനം നടത്തുകയും ആസൂത്രണ നിർവഹണ മോണിറ്ററിങ്ങ് തലങ്ങളിൽ ഫലപ്രദമായി ഇടപെടുകയും ചെയ്യാൻ ബാധ്യസ്ഥമാണ് വർക്കിംഗ് ഗ്രൂപ്പ്.

ജി.ഒ(എം.എസ്) നം 72/2017/ത.സ്വ.ഭ.വ തിയതി. 29.03.2017 ഉത്തരവ് പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. കരട് പ്രൊജക്ട് നിർദേശങ്ങൾ തയ്യാറാക്കി ഗ്രാമ സഭാ/ ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ആ

വേദികളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണ സമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനക്ക് സമർപ്പിക്കുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ രണ്ട് പ്രധാന ചുമതലകൾ. അവ ഫലപ്രദമായി നിർവഹിക്കണമെങ്കിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ ശുപാർശകൾ ക്രമീകരിക്കേണ്ടതാണ്. അതിനാൽ ഈ രണ്ട് ദൗത്യങ്ങളും നിർവഹിക്കുന്നതിന്റെ മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം ചേരണമെന്നുള്ളത് അനിവാര്യമാണ്. പ്രസ്തുത യോഗങ്ങളിൽ വർക്കിംഗ് ഗ്രൂപ്പിലെ അംഗങ്ങൾ നിർബന്ധമായും പങ്കെടുക്കേണ്ടതുണ്ട്. 2021-22 വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ മിക്ക വർക്കിംഗ് ഗ്രൂപ്പുകളും 2021-22 വാർഷിക പദ്ധതി രൂപീകരണത്തിന് വേണ്ടി പേരിന് മാത്രം യോഗം ചേരുന്നതായി കണ്ടു. ആരോഗ്യം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം എന്നിവയുടെ ഒഴികെ പരമാവധി 2 യോഗമാണ് മിക്ക ഗ്രൂപ്പിലും നടന്നതായി കാണുന്നത്. അതുകൊണ്ട് തന്നെ പശ്ചാത്തല മേഖലയിലും സേവന മേഖലയിലും അനിവാര്യമായ പല പദ്ധതികളും ഗ്രാമ പഞ്ചായത്തിനു നടപ്പാക്കാൻ സാധിക്കാതെ പോയി. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനത്തിന് നേതൃത്വം വഹിക്കേണ്ടത് അതാത് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലയാണ്. ഓരോ പദ്ധതികൾക്കും അംഗീകാരം ലഭിച്ചതിന് ശേഷം അതിന്റെ തുടർന്നുള്ള മോണിറ്ററിംഗ് നടത്തേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ നടപ്പാക്കിയ വിവിധ പദ്ധതികളുടെ മോണിറ്ററിംഗും പഞ്ചായത്തിൽ കാര്യക്ഷമമല്ല. പദ്ധതി ഫയലുകളിലൊന്നും മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല. പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുക മാത്രമാണ് യോഗങ്ങളിൽ നടന്നിട്ടുള്ളത്. ഓരോ പ്രോജക്ടുകളുടെയും നിർവ്വഹണം വിലയിരുത്തുകയോ ആയതിന്റെ ഫലപ്രാപ്തി ഉറപ്പ് വരുത്തുകയോ ചെയ്യുതായി മിനുട്സിൽ രേഖപ്പെടുത്തലുകൾ ഇല്ല. ഏതാനും മിനുറ്റ്സ് ബുക്കുകൾ മാത്രമാണ് സാക്ഷ്യപ്പെടുത്തി ക്ലോസ് ചെയ്തു കാണുന്നത്.

2021-22 സാമ്പത്തിക വർഷത്തെ വിവിധ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ വിശകലനം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | തിയതി | പങ്കെടുത്തവർ | തീരുമാനങ്ങൾ |
|---|---|---|---|---|
| 1 | ആരോഗ്യം | 28.12.21 | 9 | 13 |
| | | 10.1.22 | 7 | 13 |
| | | 12.1.22 | 10 | 5 |
| 2 | പട്ടിക ജാതി | 28.12.21 | 11 | 9 |
| 3 | ദാരിദ്ര്യ ലഘൂകകരണം | 28.12.21 | 5 | 2 |
| 4 | ശുചിത്വം, കുടിവെള്ളം | 28.12.21 | 4 | 0 |
| 5 | പൊതുമരാമത്ത് | 28.12.21 | 11 | 25 |
| 6 | മൃഗസംരക്ഷണവും ക്ഷീരവികസനവും | 28.12.21 | 8 | 6 |
| 7 | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | 28.12.21 | 13 | 6 |
| | | 10.01.22 | 26 | 1 |
| 8 | സാമൂഹ്യ ക്ഷേമം | 28.12.21 | 7 | 9 |
| | | 21.2.22 | 14 | 6 |
| 9 | കൃഷിയും അനുബന്ധമേഖലയും | 22.12.21 | 6 | 7 |
| 10 | കണക്കുകൾ രേഖകൾ തയ്യാറാക്കൽ,ജന സേവനം കാര്യക്ഷമമാക്കൽ | 28.12.21 | 7 | 2 |
| | | 18.1.22 | 7 | 1 |
| 11 | പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം | 28.12.21 | 8 | 3 |
| | | 18.1.22 | 7 | 1 |
| | | 16.3.22 | 5 | 1 |
| 12 | പ്രാദേശിക സാമ്പത്തിക വികസനം | 28.12.21 | 9 | 0 |
| 13 | വിദ്യാഭ്യാസം | 28.12.21 | 7 | 6 |
| | | 28.2.22 | 8 | 6 |

അപാകതകൾ പരിഹരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 27/20.03.23ന് മറുപടി ലഭ്യമായിട്ടില്ല.)

## 1-38 മരുന്ന് ലഭ്യമാക്കിയില്ല.

ഗ്രാമ പഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ (PHC) നിർവ്വഹണം നടത്തിയ മരുന്ന് വാങ്ങൽ പദ്ധതികൾ പ്രകാരം കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ അക്കൗണ്ടിലേക്ക് തുക നൽകിയിട്ടുണ്ട് എന്നാൽ നാളിതുവരെ മരുന്നും ലഭ്യമായിട്ടില്ല. വിശദ വിവരം ചുവടെ. മറുപടി ലഭ്യമാക്കേണ്ടതാണ്.

| പ്രൊജക്ട് | നൽകിയ തുക (₹) | ലഭിച്ച | ബാക്കി |
|---|---|---|---|

| | | | മരുന്നുകൾ (₹) | (₹) |
|---|---|---|---|---|
| | ബിൽ നമ്പർ | തുക/ഇൻവോയ്സ് | | |
| പി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ (പ്രൊജക്ട് നമ്പർ. 13/22) | 21151252036800453236/ 28.09.21 | 3,00,000 പ്രഫോർമ ഇൻവോയ്സ് നമ്പർ PRF2257/24.9.21 | - | 3,00,000 |
| | ആകെ | 3,00,000 | - | 3,00,000 |

മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റോഡ് കോൺക്രീറ്റിങ് - അധിക നിരക്ക് നൽകി - കരാറുകാരന് അധികം നൽകിയത് 11,900/- രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ റോഡ് കോൺക്രീറ്റ് പ്രവൃത്തികളുടെ ഭാഗമായി റോഡ് കോൺക്രീറ്റ് ചെയ്യതിന് MoRD സ്പെസിഫിക്കേഷൻ കോഡ് 11.4.3.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഈ ഡാറ്റയിൽ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തിക്കുള്ള നിരക്കും ഉൾപ്പെടുന്നുണ്ട്.

എന്നാൽ ചുവടെ കാണിച്ച പ്രവൃത്തിയിൽ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തി ചെയ്യിട്ടില്ല എന്ന് 17.03.2023 തീയ്യതിയിൽ ഗ്രാമ പഞ്ചായത്ത് അസി. എഞ്ചിനീയറുടെ സാന്നിധ്യത്തിൽ പ്രവൃത്തി നേരിൽ പരിശോധിച്ചപ്പോൾ വ്യക്തമായി. ഇക്കാര്യം സ്ഥല പരിശോധന റിപ്പോർട്ടിൽ അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | സിമന്റ് കോൺക്രീറ്റ് അളവ് | നൽകിയ തുക (₹) | നൽകാവുന്ന തുക (₹) | അധികം (₹) (12%GST അടക്കം) |
|---|---|---|---|---|
| ചേലക്കടവ് നിലമ്പതി ബൈപ്പാസ് റോഡ് കോൺക്രീറ്റിംഗ്(154/22)<br>വൗച്ചർ : 22100973/17.03.2022<br>തുക : ₹2,59,539/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>മൂല്യനിർണ്ണയം : ₹3,25,879/-<br>കരാർ : 48/05.04.2021<br>അളവ് പുസ്തകം : 119/21-22<br>കോൺട്രാക്ടർ:ശ്രീ.വി. പി.ഗോപിനാഥൻ<br>കോസ്റ്റ് ഇൻഡക്സ് : 31.06%<br>സാങ്കേതികാനുമതി : 83075/2020-21<br>എസ്റ്റിമേറ്റ് നമ്പർ : 2020/125705 | 36.59$m^3$ | 2,76,251.93<br>@7,549.93/$m^3$ | 2,65,626.93<br>@7,259.55/$m^3$ | 11,900<br>(10,625+1,275)<br>(12%GST) |

ഈ ഇനത്തിൽ അധികം നൽകിയ തുകക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/20.03.23) നഷ്ട തുക ഈടാക്കി അടവാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുക അടവാക്കിയിട്ടില്ലാത്തതിനാൽ, പ്രവൃത്തിയിലുണ്ടായ നഷ്ടം പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി. എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസി. എക്സി. എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 2021-22 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക (₹) | പദ്ധതി നം, പേര് | ചെലവഴിച്ച തുക (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 20,00,000 | 16/22 - ലൈഫ് ഭവനപദ്ധതി/PMAY വിഹിതം (SCP) | 20,00,000 | 0 |
| | 3,00,000 | 20/22 - ഭിന്നശേഷി സ്കോളർഷിപ്പ് | 3,00,000 | 0 |
| | 8,37,500 | 28/22 - സമഗ്ര നെൽകൃഷി വികസനം | 8,37,500 | 0 |
| ആകെ | 31,37,500 | | 31,37,500 | 0 |
| ജില്ലാ പഞ്ചായത്ത് | 10,00,000 | 16/22 - ലൈഫ് ഭവനപദ്ധതി/PMAY വിഹിതം (SCP) | 10,00,000 | 0 |
| | 4,00,000 | 20/22 - ഭിന്നശേഷി സ്കോളർഷിപ്പ് | 4,00,000 | 0 |
| | 10,00,000 | 28/22 - സമഗ്ര നെൽകൃഷി വികസനം | 10,00,000 | 0 |
| ആകെ | 24,00,000 | | 24,00,000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രൊജക്റ്റ് നം/ പ്രവൃത്തിയുടെ പേര് | വൗച്ചർ നം, തീയ്യതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 115/22 – കാഞ്ഞിയൂർ പമ്പ് ഹൗസ് കണക്ഷൻ | 22100700, 05.01.22 | 46,138 | 46,138 | പൂർത്തീകരിച്ച | ഇല്ല |
| കെ.എസ്.ഇ.ബി | 117/22 – പെട്ടിശ്ശേരി ആലാപ്പുറം കോൾപാടം ത്രീഫേസ് കണക്ഷൻ | 22100661, 30.12.21 | 82,864 | 82,864 | പൂർത്തീകരിച്ച | ഇല്ല |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി (₹) | തൻവർഷം അടച്ചത് (₹) | | വർഷാവസാനം ബാക്കി (₹) |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 01 | ലൈഫ് പദ്ധതി | 2278/LSGD Dated 18.08.2018 | 1,20,000 | 1,91,52,000 | 15,40,000 | | 1,77,32,000 |

കുറിപ്പ് :- ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കാതിരുന്നതിനാൽ ലെഡ്ജർ പ്രകാരമുള്ള വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആളുടെപേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2006-07 | 3(3) | 1,364 | രാമചന്ദ്രൻ | 1210106348/21.02.2022 |

കുറിപ്പ് :- ഓഡിറ്റ് റിക്കവറി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കാതിരുന്നതിനാൽ ലെഡ്ജർ പ്രകാരമുള്ള വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997 മുതൽ 2001-02 വരെയുള്ള സ്പെഷ്യൽ റിപ്പോർട്ട് | 2 | 2003-04 | 3.10.2.1 | ധനാപഹരണ നഷ്ടം - 36,218.46 രൂപ | പരാമർശം നിലനിൽക്കുന്നു. |
| 1997-02 സ്പെഷ്യൽ റിപ്പോർട്ട് | 12 | 2003-04 | 3.10.2.4 | ട്രാക്ടർ വാടക ഈടാക്കിയില്ല, നഷ്ടം – 1,14,240/- രൂപ | പരാമർശം നിലനിൽക്കുന്നു. |
| 1997-02 സ്പെഷ്യൽ റിപ്പോർട്ട് | 18 | 2003-04 | 3.10.2.5 | പൂർത്തിയാക്കിയ പ്രവൃത്തിക്ക് തുക വീണ്ടും ചെലവഴിച്ചു. നഷ്ടം – 1,51,115/- രൂപ | പരാമർശം നിലനിൽക്കുന്നു. |
| 1997-02 സ്പെഷ്യൽ റിപ്പോർട്ട് | 69 | 2003-04 | 3.10.2.2 | മെതിയന്ത്രം വാങ്ങിയത് പാഴ്ചെലവ് – നഷ്ടം 1,01,882/- രൂപ. | പരാമർശം നിലനിൽക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| 1997-02 സ്പെഷ്യൽ റിപ്പോർട്ട് | - | 2003-04 | 3.10.2.6 | ചെലവ് രേഖകൾ ഇല്ല, തടസ്സം – 37,09,786/- രൂപ. | പരാമർശം നിലനിൽക്കുന്നു. |
| 2014-15 | 2(1) | 2016-17 | - | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു. |
| 2015-16 | 2(2) | 2016-17 | - | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു. |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം | ചാർജ്ജ് /സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (₹) (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി യിലൂടെ ഈടാക്കിയ തുക (₹) (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക (₹) | അവശേഷിക്കുന്ന തുക/ ബാധ്യത (₹) | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|
| | | | നമ്പരും തീയതിയും | തുക (₹) | | | ഉൾപ്പെട്ട തുക (₹) | ഈടാക്കിയ തുക (₹) | | | |
| 1997-98 To 2001-02 | 47 | കെ.വി വിധ്യൻ സെക്രട്ടറി | LF6068/Spl Cell/Sc5 /05/5.1.09 | 2,400 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 0 | 2,400 | WP(C)13888/09/ തിയതി 21.05.09 |
| 97-98 To 2001-02 | 12 | കെ.വി വിധ്യൻ സെക്രട്ടറി | LF 6068/ Spl.cell/ SC5/05 16.10.08/ 24.10.08 | 1,14,240 | - | - | - | - | - | 1,14,240 | WP(C)13888/09/ തിയതി 21.05.09 |
| 97-98 To 2001-02 | 70(2) 73(5) 73(7) 86(1),(2) 100(1), 101(2) 103(3) 107(2) 108 & 130 | കെ.വി വിധ്യൻ സെക്രട്ടറി | LF 6068/ Spl.cell/ SC5/05 16.10.08/ 24.10.08 | 67,294 | - | - | - | - | - | 67,294 | WP(C)13888/09/ തിയതി 21.05.09 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹) | 8,01,57,031 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹) | 7,78,69,723 |
| വരവിനങ്ങളിലുള്ള നഷ്ടം (₹) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | 11,900 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (₹) | 34,06,898 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 11,900 | ശ്രീ. ജയദേവൻ. പി. എൻ, അസി. എഞ്ചിനീയർ (₹5,950)<br>ശ്രീ. അനിൽകുമാർ. എൻ, അസി. എക്സി. എഞ്ചിനീയർ (₹5,950) |
| ആകെ | | 11,900 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 39,020 | ശ്രീമതി. വൃന്ദ. കെ, കൃഷി ഓഫീസർ |
| 1-14 | 14,00,000 | ശ്രീ. മണികണ്ഠൻ. ടി, സെക്രട്ടറി |
| 1-16 | 2,01,297 | ശ്രീ. മണികണ്ഠൻ. ടി, സെക്രട്ടറി (₹26,600)<br>ശ്രീ. എസ്. പരമേശ്വരൻ നമ്പൂതിരി , സെക്രട്ടറി ഇൻ ചാർജ് (₹1,74,697) |
| 1-18 | 32,971 | ശ്രീ. മണികണ്ഠൻ. ടി, സെക്രട്ടറി |
| 1-19 | 2,55,000 | ശ്രീ. മണികണ്ഠൻ. ടി, സെക്രട്ടറി |
| 1-21 | 69,344 | ശ്രീ. എസ്. പരമേശ്വരൻ നമ്പൂതിരി, അസി.സെക്രട്ടറി |
| 1-25 | 8,70,000 | ശ്രീമതി. ഫാത്തിമ ഷംന. കെ. വി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-27 | 3,09,875 | ശ്രീ. രജീഷ്. പി. എം, വി.ഇ.ഒ |
| 1-29 | 2,29,391 | ശ്രീ. ജയദേവൻ. പി. എൻ, അസി. എഞ്ചിനീയർ |
| ആകെ | 34,06,898 | |

(സി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ജയദേവൻ. പി. എൻ, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, നന്നംമുക്ക് ഗ്രാമപഞ്ചായത്ത് മലപ്പുറം ജില്ല | പന്നിക്കാട്ട് വടക്കേതിൽ ഹൗസ്, മൂക്കതല പി. ഒ മലപ്പുറം - 679574 |
| ശ്രീ. അനിൽകുമാർ. എൻ, അസി. എക്സി. എഞ്ചിനീയർ | അസി. എക്സി. എഞ്ചിനീയർ, കാളികാവ് ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം | യോഗത്ത് ഹൗസ് മണ്ണാർമല പി. ഒ. മലപ്പുറം - 679325 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | നം. കെ.എസ്.എ.എം.പി.എം.16/217/2022(1), തിയ്യതി: 17.12.2022 | 1 |
| 1997-98 മുതൽ 2001-02 വരെ (സ്പെഷ്യൽ റിപ്പോർട്ട്) | എൽ.എഫ്.എം.4/1128/03 തിയ്യതി: 03.01.2004 | 88 |
| 2002-03 | നം. കെ.എസ്.എ.എം.പി.എം.16/217/2022(2), തിയ്യതി: 17.12.2022 | 4 |
| 2003-04 | നം. കെ.എസ്.എ.എം.പി.എം.16/217/2022(3), തിയ്യതി: 17.12.2022 | 11 |
| 2004-05 | നം. കെ.എസ്.എ.എം.പി.എം.16/217/2022(4), തിയ്യതി: 17.12.2022 | 15 |
| 2005-06 | നം. കെ.എസ്.എ.എം.പി.എം.16/217/2022(5), തിയ്യതി: 17.12.2022 | 6 |
| 2006-07 | നം. കെ.എസ്.എ.എം.പി.എം.16/217/2022(6), തിയ്യതി: 17.12.2022 | 7 |
| 2007-08 | നം. കെ.എസ്.എ.എം.പി.എം.16/217/2022(7), തിയ്യതി: 17.12.2022 | 3 |

| | | |
|---|---|---|
| 2008-09 | നം. കെ.എസ്.എ.എം.പി.എം.16/217/2022(8), തിയ്യതി: 17.12.2022 | 10 |
| 2009-10 2010-11 | നം. കെ.എസ്.എ.എം.പി.എം.16/217/2022(9), തിയ്യതി: 17.12.2022 | 9 |
| 2011-12, 2012-13 | നം. എൽ.എഫ്.എം.24/2163/14, തിയ്യതി: 23.09.2016 | 25 |
| 2013-14, 2014-15 | നം. കെ.എസ്.എ.എം.പി.എം.24/1924/2016, തീയ്യതി: 05.08.2016 | 13 |
| 2015-16 | നം. കെ.എസ്.എ.എം.പി.എം.24/54/2017, തീയതി: 07.02.2017 | 25 |
| 2016-17 | നം. കെ.എസ്.എ.എം.പി.എം.16/2219/2017, തീയതി: 13.11.2017 | 17 |
| 2017-18 | നം. കെ.എസ്.എ.എം.പി.എം.16/2067/2018, തീയതി: 16.12.2019 | 8 |
| 2018-19 | നം. കെ.എസ്.എ.എം.പി.എം.16/227/2020, തീയതി: 11.05.2020 | 16 |
| 2019-20 | നം. കെ.എസ്.എ.എം.പി.എം.16/1196/21, തീയതി: 01.02.2022 | 11 |
| 2020-21 | നം. കെ.എസ്.എ.എം.പി.എം.16/1490/22, തീയതി: 01.07.2022 | 38 |

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്